# അമലദൂത്
# AMALADHOOTH

for Private Circulation only Vol. VII No. 3 December 2021





**'അമ്മേ, ഇതാ നിന്റെ മകൻ. മകനെ, ഇതാ നിന്റെ അമ്മ' യോഹന്നാൻ ശ്ലീഹാ ലോകത്തെ തന്നെയാണ് ഇവിടെ പ്രതിനിധാനം ചെയ്തത്. ലോകത്തിന്റെ അമ്മയാവാൻ അവൾ അനുഭവിച്ചത് ഈറ്റ്നോവിലും വലിയ വേദന തന്നെയായിരുന്നു.**

# ഉപവിയുടെ അപ്പസ്തോലൻ

ഒരു അമ്മയും മകനും തമ്മിലുള്ള ബന്ധം ഒരിക്കലും വാക്കുകളുടെ വർണനയ്ക്ക് വിവരിക്കാവുന്നതല്ല. അത് അവർണനീയമത്രേ. അമ്മയും മകനും എന്നാൽ ഉടലും ജീവനും പോലെ തന്നെ. അതിനെ വേർപ്പെടുത്തിയാൽ പിന്നെ അസ്ഥിത്വം തന്നെയില്ല. കാൽവരിയിലെ കുരിശിൽ കിടന്നുകൊണ്ട് ക്രിസ്തു തന്റെ അമ്മയെ ലോകത്തിന് നൽകിയപ്പോൾ ആഗ്രഹിച്ചതും  അമ്മ വഴി നാം ജീവിക്കണം എന്നത്രേ. അതും നിത്യമായി ജീവിക്കണം എന്ന് തന്നെ. ഈറ്റുനോവിന്റെ വേദനയില്ലാതെ ആർക്കും അമ്മയാവാൻ കഴിയില്ല. അപ്പോൾ ചോദ്യം ഇതാണ്: പരിശുദ്ധഅമ്മ ഈറ്റുനോവ് അനുഭവിക്കാതെയാണോ നമ്മെ മക്കളാക്കിയത്? അതിനുള്ള ഉത്തരം ഇതാണ് കാൽവരിയിൽ തന്റെ മകൻ ലോകത്തിനായി വേദന സഹിച്ചപ്പോൾ ആ അമ്മയുടെ ഹൃദയത്തിൽ വേദനയുടെ തിരമാലകൾ ഏറിക്കൊണ്ടിരുന്നു. മകൻ ലോകത്തിനായി വേദന ആഹാരമാക്കിയപ്പോൾ ഇവിടെ അമ്മ മക്കൾക്കായി ഈറ്റുനോവ് അനുഭവിക്കുകയായിരുന്നു.  ആ വേദന കണക്കിലെടുത്തുകൊണ്ട് ക്രിസ്തു പറഞ്ഞു 'അമ്മേ, ഇതാ നിന്റെ മകൻ. മകനെ, ഇതാ നിന്റെ അമ്മ' യോഹന്നാൻ ശ്ലീഹാ ലോകത്തെ തന്നെയാണ് ഇവിടെ പ്രതിനിധാനം ചെയ്തത്. ലോകത്തിന്റെ അമ്മയാവാൻ അവൾ അനുഭവിച്ചത് ഈറ്റ്നോവിലും വലിയ വേദന തന്നെയായിരുന്നു.

അമ്മ തനിക്കായ് അനുഭവിച്ച ഈറ്റുനോവിന്റെ വിശുദ്ധിഗ്രഹിച്ചവനാണ് വാഴ്ത്തപ്പെട്ട ലൂയിജി മരിയ മോന്തി. തന്റ സഭക്ക് പേരിടാൻ തുടങ്ങുന്ന നേരം അദ്ദേഹത്തിന്റെ സുഹൃത്ത് പറഞ്ഞു നമുക്ക് അമലോൽഭവ മാതാവിന്റെ ദാസർ എന്ന് സഭക്ക് പേരിടാം. ഉടനെ തന്നെ അത് തിരുത്തിക്കൊണ്ട് ലൂയിജി പറഞ്ഞു ദാസൻമാരല്ല  നമ്മൾ ദാസരായാൽ നമ്മുടെ തെറ്റുകൾ അവൾ പൊറുക്കില്ല. എന്നാൽ ഒരു അമ്മയ്ക്ക് തന്റെ മക്കൾ എത്ര വലിയ തെറ്റ് ചെയ്താലും അത് ക്ഷമിക്കാതിരിക്കാൻ കഴിയില്ല. അതിനാൽ ലൂയിജി മരിയ മോന്തി പേര് നൽകി 'അമലോത്ഭവ മാതാവിന്റെ മക്കൾ.' ആ സഭയാണ് ഇന്ന് അമ്മയോട് ചേർന്ന് വളരുന്ന CFIC എന്ന സന്യാസസമൂഹം.

വാഴ്ത്തപ്പെട്ട ലൂയിജി സഭയ്ക്കായി തുറന്നുതന്ന ഒരു മാർഗമുണ്ട്. അതാണ് പരിശുദ്ധ അമ്മ. അമലോത്ഭവമാതാവ് എന്നാൽ കളങ്കമില്ലാത്തവൾ അഥവാ പാപം ഇല്ലാത്തവൾ എന്നാണ്. ആ അമ്മയുടെ മക്കളും കളങ്കരഹിതരാവണം എന്നതാണ് അമ്മയുടെ ആഗ്രഹവും. വാഴ്ത്തപ്പെട്ട ലൂയിജി മോന്തി തുറന്നു തന്ന പാത അത് തന്നെയാണ്. പാപമില്ലാത്ത വഴിയെ അമ്മയോട് ചേർന്നു കർത്താവിൽ എത്തിച്ചേരുക. അതിനാണ് അമലോൽഭവ മാതാവിന്റെ മക്കളാകാൻ ലൂയിജി നമ്മേ ക്ഷണിച്ചത്. അമലോത്ഭവമാതാവും ലൂയിജിമോന്തിയും തമ്മിലുള്ള ബന്ധം അമ്മയും മകനും തമ്മിലുള്ള ബന്ധം ആണ്. ആ ബന്ധത്തിന് അർഹരാണ് നമ്മൾ. എന്നാൽ ഒരേ ഒരു വ്യവസ്ഥ 'അമല' ആയിരിക്കുക അഥവാ പാപങ്ങൾ ചെയ്യാതിരിക്കുക.

# അമലദൂത്
# AMALADOOTH
ഡിസംബർ 2021



**EDITORIAL BOARD**

**Adviser** : Fr. Jose Parayil CFIC **Managing Editor** : Fr. Shaji Ullattil CFIC **Chief Editor** : Fr. Merson Antony CFIC

**Associate Editors**

Fr. Mathewkutty, Fr. Jitto Antony, Br. Antony Jose, Br.Saiju Jose, Br. Dolwin Kurisingal, Br. Alex Pandisseril, Br. Akhil Joseph



# CONTENTS


| | |
|---|---|
| ഉപവിയുടെ അപ്പസ്തോലൻ | 2 |
| ബാല്യത്തിന്റെ ബാലപാഠങ്ങൾ | 4 |
| Message from the Provincial Superior | 5 |
| തിരുകുടുംബപാലകൻ | 6 |
| യൽദാപ്പെരുനാൾ | 9 |
| ക്രിസ്മസ്കാലം പരിശുദ്ധ കന്യകാ മറിയത്തോടൊപ്പം | 10 |
| കാരുണ്യത്തിന്റെ തിരുപ്പിറവി | 12 |
| കുഞ്ഞുങ്ങളും ക്രിസ്തുമസും | 14 |
| ഹേറോദേസ് ഇനിയും മരിച്ചിട്ടില്ല | 16 |
| അയയ്ക്കപ്പെടാൻ വിളിയ്ക്കപ്പെട്ടവൻ | 18 |
| ചിൽഡ്രൻസ് മിഷൻ | 20 |
| പിറക്കാതെ പോയ മക്കളെ | 21 |
| ഇതാ കർത്താവിന്റെ ദാസി: നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ | 22 |
| The encounter with the King of Kings | 23 |
| ഇമ്മാനുവേൽ ദൈവം നമ്മോടുകൂടെ | 24 |
| ഇടയമുഖം | 26 |
| ലൂയിജിമോന്തിയും പ്രാർഥനയും | 27 |
| ഹൃദയത്തിൽ ഒരു പുൽക്കൂടും ഹൃദയത്തിലേക്ക് സാന്തായും | 28 |
| FINDING THE MEANING OF CHRISTMAS | 29 |
| ഒരു ക്രിസ്മസ് വിചാരം | 30 |









EDITORIAL

# എഡിറ്റോറിയൽ

**ഫാ. മേഴ്സൺ ആന്റെണി CFIC**
(പ്രൊവിൻഷ്യൽ സെക്രട്ടറി)



# ബാല്യത്തിന്റെ ബാലപാഠം

കുട്ടിക്കഥാപാത്രങ്ങളിൽ അറിയപ്പെടുന്ന താരമാണ് രാധ. ഏഴുവയസുള്ള കുട്ടിയാണവൾ. തന്റെ സ്കൂളിലേക്കുള്ള വഴിയിൽ നിന്നും ദൈവികത്വമുള്ള ഒരു പൂവ് രാധക്ക് വീണുകിട്ടുന്നു. അതിലെ ഓരോ ഇതളും പൊട്ടിച്ച് താഴെയിട്ട് എന്താഗ്രഹിച്ചാലും ആ ആഗ്രഹം സഫലമാകും. ഒരു ഇതൾ പൊട്ടിച്ച് താഴെയിട്ട് അവൾ കുറെയുടുപ്പുകൾ ആഗ്രഹിക്കുന്നു. അതവൾക്ക് കിട്ടുന്നു. അടുത്ത ഇതൾ പൊട്ടിച്ച് ഒരുപാട് കളിപാട്ടങ്ങളും, കുറെകുപ്പിവളകളും മുത്തു മാലകളും അവൾ ആഗ്രഹിക്കുന്നു. ഒടുവിലത്തെ ഇതൾ പൊട്ടിച്ച് ഒരു വീട് ആഗ്രഹിക്കാൻ തുടങ്ങുമ്പോൾ തന്റെ അതേ പ്രായത്തിലുള്ള ഒരു കുട്ടി മുടന്തിനടന്നു വരുന്നത് അവൾ കാണുന്നു. ഒരു നിമിഷം രാധ ആലോചിച്ചു. ഒരേയൊരു ഇതൾ മാത്രം... തനിക്ക് വീട് വേണോ അതോ ഈ കുട്ടിയുടെ മുടന്ത് മാറ്റണോ? അവൾ അവസാനത്തെ പൂവിതൾ നുള്ളി ആ കുട്ടിയുടെ മുടന്ത്മാറ്റാനാഗ്രഹിക്കുന്നു. മുടന്ത് മാറി ആ കുട്ടി സുഖമായി നടന്നുപോകുന്നത് രാധ നോക്കിനില്ക്കുന്നു. കുഞ്ഞുങ്ങൾ അങ്ങനെയാണ് അവർക്ക് ആർത്തിയോ അത്യാഗ്രഹമോ ഇല്ല. സ്വയം സന്തോഷിക്കുകയും മറ്റുള്ളവരെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു.



രാജ്യത്തിന്റെ ഭാവിയാണ് കുഞ്ഞുങ്ങൾ. കുഞ്ഞുങ്ങളിൽ നിന്നും പഠിക്കുവാനുണ്ട് അനേകം പാഠങ്ങൾ. കുഞ്ഞുങ്ങൾക്ക് പ്രത്യേക പരിഗണന എല്ലാകാലത്തും ആവശ്യമാണ്. വിശുദ്ധ ഗ്രന്ഥം പ്രത്യേക സ്ഥാനം കുഞ്ഞുങ്ങൾക്ക് നൽകുന്നതായി കാണാം. 'ശൈശവത്തിൽതന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽനിന്ന്വ്യതിചലിക്കുകയില്ല' (സുഭാ 22,6). 'കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും' (സങ്കീ 127,3). യേശു ശിഷ്യൻമാർക്ക് പ്രബോധനവും പരിശീലനും നൽകുമ്പോൾ ഒരു കുഞ്ഞിനെ കരങ്ങളിൽ വഹിച്ച് മാതൃകനല്കുന്നത് മർക്കോസിന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ട്. നിസ്വാർഥതയുടേയും, നിഷ്കളങ്കതയുടേയും മാതൃക നല്കാനായാൽ മാത്രമേ ശിഷ്യനാകാൻ സാധിക്കൂ എന്ന ഓർമ്മപ്പെടുത്തലാണിത്. കുഞ്ഞുങ്ങളുടെ തിരുനാളാണ് ക്രിസ്തുമസ്. വിനയത്തിന്റെയും എളിമയുടേയും പാഠം പഠിപ്പിക്കുവാൻ മനുഷ്യാവതാരം ചെയ്ത ഉണ്ണിയേശുവിന്റെ പിറവിതിരുനാൾ. ശൈശവത്തിന്റെ വിശുദ്ധിയും, ബാല്യത്തിന്റെ നൈർമ്മല്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ. കുഞ്ഞുങ്ങളെ നിസാരരും, അവകാശങ്ങളില്ലാത്തവരുമായി കരുതിയിരുന്ന ഒരു ജൂതസമൂഹത്തിലേക്കാണോ ഈ മടക്കം? അവിടെ ഹേറോദേസ്മാർ കൂടുന്നത് സ്വാഭാവികമാണ്.

കുഞ്ഞുങ്ങളെ സംബന്ധിച്ച് ഫ്രാൻസിസ് പാപ്പാ ഒരിക്കൽ മൂന്ന് ചോദ്യങ്ങൾ മാതാപിതാക്കളോട് ചോദിച്ചിരുന്നു. ആ ചോദ്യങ്ങൾക്കുള്ള ഉത്തരം നിങ്ങളുടെ കുഞ്ഞുങ്ങളെ സുരക്ഷിതരാക്കും. നിങ്ങളുടെ മക്കൾ ഇപ്പോൾ എവിടെയാണ്? അവർ ആരുടെ കൂടെയാണ്? അവർ എന്ത് ചെയ്തുകൊണ്ടിരിക്കുന്നു? എന്നിവയാണ് ചോദ്യങ്ങൾ. അവർ ആയിരിക്കുന്ന സ്ഥലം സുരക്ഷിതവും അവർ വ്യാപൃതരായിരിക്കുന്ന പ്രവൃത്തി പ്രശംസനീയവുമാണോ? കുഞ്ഞുങ്ങൾക്ക് മാതൃകയാകേണ്ടത് മാതാപിതാക്കൾതന്നെയാണ് എന്നതാണ് പരിശുദ്ധ പിതാവിന്റെ ചോദ്യങ്ങളുടെ ധ്വനി.

ഭാര്യയും ഭർത്താവും വഴക്ക് തുടങ്ങി. കണ്ടുനിന്ന അമ്മുമ്മ അടുത്തവീട്ടിൽ കളിച്ചുകൊണ്ടിരുന്ന കുഞ്ഞിനേയും എടുത്ത് നടന്നു. 'കൊച്ചിനേയും കൊണ്ട് എങ്ങോട്ടാണ് പോകുന്നത്?' അമ്മ തിരക്കി. 'അവിടെ ഭാര്യയും ഭർത്താവും തമ്മിൽ വഴക്കാണ്. ഞാനീ കുഞ്ഞിനെ അവിടെകൊണ്ട് ചെന്ന് നിർത്താം. ഇതിന്റെ ചിരിയും കളിയും കാണുമ്പോൾ അവരുടെ വഴക്ക് മാറും.' 'അവനൊരു ശിശുവിനെ എടുത്ത് അവരുടെ മധ്യേനിർത്തി' (മർ 9,36). ഹാപ്പി ക്രിസ്മസ്!

# Message from the Provincial Superior



# CHILDREN

"Let the little children come to me, and do not hinder them, for the kingdom of heaven belongs to such as these."(Matthew 19:14)

When little children were brought to Jesus for him to place his hands on them and pray for them the disciples of Jesus rebuked those who brought them. In Jesus' time, it was customary for people to bring their children to a rabbi for a blessing. Thus people were bringing children to Jesus so that He could place his hands on them and pray for them. The disciples, however, thought the children were unworthy of the Master's time—less important than whatever else he had to do. The disciples apparently viewed these children as an intrusion and a drain of time and energy. So they rebuked those who brought the children. But Jesus said to them "Let the little children come to me, and do not hinder them"(Matthew 19:14). Just as Jesus took time for the sick, the poor, and the hungry, so he also took time for little children. Jesus surely enjoyed the company of the weak and vulnerable like children.

This very act of Jesus shows how important it is to give care and affection to children who are the one of the vulnerable sections of the society. They are vulnerable in the sense that they who are innocent, can be easily mislead if not given proper care, affection and attention. Carelessness and negligence towards children can cause unrepairable damage to their growth and personalty. Healthy development of children is crucial for them and to the society as they are to be the future citizens with integrated personality and leadership qualities. Unfortunately, there are children, all over the world, who are suffering from broken families, child abuse, lack of care and affection, lack of education and poor living conditions such as poverty, inadequate health care, nutrition, safe water, housing and environmental pollution etc. Children are very often neglected by their parents due to their busy schedule and worldly preoccupations. Situations like this can increase the number of delinquents.

Therefore, considering the importance of children for a future sound and well developed family and society set up, measures must be taken by families and societies to ensure that our children are given proper care, affection and all round and integrated education and training. Family is the primary unit which has to take care of this great and serious responsibility. Parents are to set apart considerable extend of their time and space to give care and affection for their children which is, in fact, one of the the primary functions of a family. All other agencies like school, state etc are collaborators of families in ensuring a healthy and all round development of the children. Our children need much care and attention from the elders for a better growth and development. They need many other things too like discipline, provision, and health care etc. Spending time with them, caring for them and loving them will lead our children to grow and develop in an all-round way which, in turn, will make them responsible citizens with healthy mind and integrated personality.

As we celebrate Christmas this year let us try to renew the order of our priorities and keep our availability for the children as one of the top priorities, considering the importance of child care for the future of our generation and society. The example of Mary and Joseph in loving, caring and protecting infant Jesus must be a lesson and inspiration for all the modern families. **May the child Jesus bless and protect all our children who are suffering from all kinds of deprivations. Wish you all a Merry Christmas and Bright New Year**

**Fr. Jose Mathew**
Provincial Superior CFIC

# തിരുകുടുംബപാലകൻ



ഫാ. ഡോ. പ്രിമൂസ് പെരിഞ്ചേരി

നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ അധ്വാനശീലനായ ജോസഫ് തിരഞ്ഞെടുത്തത് തച്ചന്റെ കൈത്തൊഴിലാണ്. സമർഥനായ മരപ്പണിക്കാരനായിരുന്നു ജോസഫ് എന്ന ചെറുപ്പക്കാരൻ. ആത്മാർഥതയുള്ള മരപ്പണിക്കാരൻ ആയിരുന്നതിനാൽ അധ്വാനത്തിൽ മാത്രമായിരുന്നു ജോസഫിന്റെ ശ്രദ്ധ. പണികളിൽത്തന്നെ മുഴുകിയിരുന്നതുകൊണ്ട് അധികമൊന്നും സംസാരിക്കാറുമില്ല. കൂട്ടുപണിക്കാരോർക്കും: ഇവനെന്താ, ഒരു സന്യാസിയാണോ! അതായിരുന്നു സത്യവും. ജോസഫ് ആത്മനാ ഒരു സന്യാസിയായിരുന്നു. യഹൂദ യുവാക്കളിൽ അത്ര സാധാരണമല്ലാത്ത ബ്രഹ്മചര്യവ്രതം നോറ്റിരുന്ന ചെറുപ്പക്കാരൻ. അയാളുടെ കൊത്തുപണികളും ചിന്തേരിട്ടു മിനുക്കലും മറ്റും കൂട്ടുപണിക്കാർക്ക് പാഠപരിചയവും പാഠ്യോപദേശങ്ങളുമാണ്. ജോസഫ് ചുറ്റുളിയും മുഴക്കോലുമെടുക്കുന്നത്പോലും അതിമാത്രം ചാരുതയോടെയാണ്! അവൻ കല്യാണം കഴിച്ച് എവിടെ ജീവിച്ചാലും ആ കുടുംബം രക്ഷപ്പെടും.

ജോസഫിന്റെ ജീവിതത്തിൽ തികച്ചും ആകസ്മികമായി ഒരു വഴിത്തിരിവ് സംഭവിക്കുന്നു. യഹൂദ നാട്ടിലെ ഒരു പ്രമുഖ കുടുംബത്തിലെ ഒരു പെൺകുട്ടിയുടെ വിവാഹാർഥി തിരഞ്ഞെടുപ്പിൽ ജോസഫിനും സംബന്ധിക്കേണ്ടിവരുന്നു. കുലീനനും സ്വഭാവശുദ്ധിയുമുള്ള ചെറുപ്പക്കാരൻ എന്ന നിലയിലാവാം, ഈ തിരഞ്ഞെടുപ്പിൽ ജോസഫിനും പങ്കെടുക്കേണ്ടിവന്നത്. പക്ഷേ, വരന്റ തിരഞ്ഞെടുപ്പിന് തികച്ചും അപൂർവ്വമെന്ന്തന്നെ പറയാവുന്ന ഒരു വ്യവസ്ഥവെച്ചിരുന്നു: വിവാഹാർഥികളായി വന്നിരിക്കുന്ന പുരുഷന്മാരിൽ, ആരുടെ കയ്യിലിരിക്കുന്ന അലങ്കാരദണ്ഡാണോ പുഷ്പിക്കുന്നത്, അയാൾ മാത്രമേ വരനായി അംഗീകരിക്കപ്പെടുകയുള്ളൂ! കാരണം വേഷവിധാനത്തിന്റെ ഭാഗമായി വിവാഹാർഥി കൊണ്ടുവരുന്ന അലങ്കാരദണ്ഡ് ഉണങ്ങിയ മരക്കൊമ്പായിരിക്കുമല്ലോ. അപ്പോൾ ശ്രവണമാത്രയിൽത്തന്നെ വിചിത്ര സ്വഭാവിയായ ഇത്തരമൊരു തിരഞ്ഞെടുപ്പ് വ്യവസ്ഥ വച്ചതെന്തിന് എന്ന ചോദ്യമുയരാം.

ജൊവാക്കിമിന്റെയും അന്നയുടെയും മകളായ മേരിയും ദൈവതിരുമുൻപിൽ നിത്യകന്യാത്വം നേർന്നവളാണ്. വിവാഹ പ്രായമായ ഒരു പെൺകുട്ടി അവിവാഹിതയായി തുടർന്നാൽ, അത് നിരവധി അപവാദങ്ങൾക്കും ദുരൂഹതകൾക്കും വഴിമരുന്നിടലാവും. മൂന്നു വയസ്സു മുതൽ സന്യാസിനീഭവനത്തിൽ നിന്ന് പരിശീലനം നേടി വളർന്ന മകൾ, കന്യാവ്രതം നോറ്റവളാണെന്ന വിവരം മനസ്സിലാക്കിയിരുന്ന ജൊവാക്കിമും അന്നയുമാകട്ടെ, എല്ലാം ആചാരവിധി പ്രകാരം നടക്കട്ടെ, ബാക്കിയെല്ലാം ദൈവേഷ്ടംപോലെ എന്ന് സമാധാനിച്ചുകൊണ്ടാണ് പന്തലൊരുക്കിയതും ചടങ്ങുകൾ സംഘടിപ്പിച്ചതും. വിവാഹത്തിന് അവിടെ വച്ചിരുന്ന വ്യവസ്ഥ വിചിത്രമാണെന്നും അതിലെന്തോ നിഗൂഢതയുണ്ടെന്നും ജോസഫിന് തോന്നി. ഉണങ്ങിയ ഊന്നുവടികൾ പുഷ്പിക്കുകയോ! ഇതുകേട്ട് വിവാഹ കാംക്ഷികളായ ചെറുപ്പക്കാരുടെ മുഖങ്ങൾ മ്ലാനമായി. എന്നാൽ ദൈവവഴികൾ അഗ്രാഹ്യമാണെന്നോർത്ത് ജോസഫിന്റെ ആത്മം ജ്വലിതമായി. തന്റെ വഴി ദൈവം തിരഞ്ഞെടുത്തതുതന്നെയെന്നോർത്ത് സങ്കീർത്തന വഴികളിൽ ഹർഷത്തോടെ ഒരു നിമിഷം ജോസഫ് നിന്നു.

പിന്നെ ജോസഫ് കണ്ടത് വിസ്മയങ്ങളുടെ വിസ്ഫോടനമായിരുന്നു. തന്റെ കയ്യിലിരിക്കുന്ന ശുഷ്കിച്ച അലങ്കാരദണ്ഡ് മേലറ്റം പൂത്തുലഞ്ഞങ്ങനെ നിൽക്കുന്നു! കല്യാണപ്പന്തൽ നിറയെ നാർദീൻ പരിമളം നുരകുത്തിയൊഴുകുന്നത് ഒരു സന്നിഹിത സത്യം കണക്കേ ജനമറിഞ്ഞു. ആ നിമിഷം മുതൽ, ജോസഫിന്റെ ആത്മാവിലും നിറയെ സുഗന്ധവസ്തുക്കളായിരുന്നല്ലോ. അതാണ് ദൈവഹിതമെങ്കിൽ അങ്ങനെ. യഹോവയുടെ ഹിതാനുസാരിയാവാൻ സ്വയം പാകപ്പെട്ട ഒരു ജീവിതകാണ്ഡം. അങ്ങനെ, ആകാശങ്ങളിൽ നിന്ന് സൂര്യന്റെ മൃദുലകിരണങ്ങൾ കണക്കെ പ്രസാദവരം കിനിഞ്ഞിറങ്ങിയ ഒരു പ്രഭാതത്തിൽ, സിനഗോഗിൽ അകിലും ചന്ദനവും സമൃദ്ധമായി പുകയവേ, ഏഴുതിരിയിട്ട മെനോറകൾ ജ്വലിച്ചുനിൽക്കെ, അതിവിശുദ്ധ സ്ഥലത്തിന് മുൻപിൽ വച്ച് ജോസഫ് മേരിയുടെ കരം ഗ്രഹിച്ചു. അത് ഒരു കുടുംബത്തിന്റെ പിറവിയാണ്; തിരുകുടുംബത്തിന്റെ. ജോസഫിനും മേരിക്കും പരസ്പരം അറിയാമായിരുന്നു; ഇനിമുതൽ അവർ രണ്ടല്ല, ഒരു ആത്മാവാണ്. ജോസഫിന്റെ ബ്രഹ്മചര്യവും മേരിയുടെ കന്യാത്വവും പരസ്പരം സംരക്ഷിക്കപ്പെട്ട നാളുകൾ. ജോസഫ് മരപ്പണി ചെയ്യും. മറിയം പഞ്ഞി നൂൽക്കും. തുന്നൽപ്പണി ചെയ്യും. കുടുംബത്തിനുവേണ്ടി ഒരേമനസ്സോടെ അധ്വാനിക്കുന്ന മാതൃകാദമ്പതികൾ. 'നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേര് വിളിക്കണം...'




സംഭ്രമങ്ങളുടെ ഇനിയും അധികം നീളാത്ത നിമിഷാന്തങ്ങളിൽ മറിയം പറഞ്ഞു; 'ഫിയാത്'. പിന്നെ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട് ദൈവത്തോടുള്ള സമ്പൂർണ്ണ വിധേയത്വത്തിൽ കഴിയുകയായിരുന്നു അന്നുമുതൽ. ശിമയോന്റെ പ്രവചനങ്ങൾക്കുമുമ്പേ ഹൃദയത്തിൽ തുളച്ചിറങ്ങിയ വ്യാകുലവാളുകളുമായിരുന്നു മേരിയുടെ അനന്തര ജീവിതം.

നവവരൻ എന്ന തലത്തിൽനിന്ന് കുടുംബനാഥൻ എന്ന അവസ്ഥാന്തരത്തിലേക്ക് പരിണമിച്ചു കൊണ്ടിരിക്കേയാണ്, തങ്ങൾ സഹവസിക്കുന്നതിനുമുമ്പേതന്നെ മേരി ഗർഭവതിയായിരിക്കുന്നു എന്ന വിവരം ഗ്രഹിച്ച ജോസഫ് അമ്പേ തകർന്നും തളർന്നും പോയത്. എന്നാൽ ഭാര്യയായ മറിയത്തെ സ്വീകരിക്കുവാൻ ശങ്കിക്കേണ്ട എന്ന് കാര്യകാരണസഹിതം ദൂതവാക്യമുണ്ടായപ്പോൾ, "ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു" (മത്താ. 1,24). നിദ്രയിൽ നിന്നുണർന്നു എന്ന് പറയുന്നത് പ്രതീകഭംഗിയാർന്ന ഒരു പ്രയോഗവിശേഷമാണ്. ഇവിടെ ജോസഫ് നൽകുന്ന സന്ദേശമെന്താണ്? നമുക്ക് ഉൾക്കൊള്ളാനാകാത്ത ചില കറുത്ത യാഥാർഥ്യങ്ങൾ ജീവിതത്തിലുണ്ടാകും. മധുരം വിളമ്പുന്ന ദൈവം ചിലപ്പോൾ കയ്പ്പും പങ്കുവെച്ചു തന്നുവെന്നിരിക്കും. എത്ര പ്രാർഥിച്ചിട്ടും ദാനധർമ്മങ്ങൾ ചെയ്തിട്ടും ജീവിതത്തിൽ ദുഃഖം പേറുന്ന അനുഭവങ്ങൾ നമുക്കുണ്ടാകും. അവിശ്വസ്തയായ ഭാര്യയും കുരുത്തംകെട്ട മക്കളും നല്ലവരെന്നു കരുതപ്പെടുന്നവർക്ക് പോലും ഉണ്ടായെന്നിരിക്കും. രോഗിസാന്ത്വനത്തിന് ഓടിനടക്കുന്നവരുടെ വീട്ടിലേക്ക് ക്ഷണിക്കപ്പെടാത്ത വിരുന്നുകാരനായി പുതിയ മാറാരോഗം കടന്നുവരും. ദൈവമേ, എന്തിന് എന്നും എന്തുകൊണ്ട് എന്നുമുള്ള നൊമ്പര ചോദ്യങ്ങൾ മനസ്സിൽ നുരച്ചാർത്ത് ഉയരും. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ നിരനിരയായിയുണ്ടാകും. ദൈവമേ എനിക്കിത് മനസ്സിലാവുന്നില്ല; എനിക്കിത് ഉൾക്കൊള്ളാനാവുന്നില്ല. എനിക്ക് മടുത്തിരിക്കുന്നു എന്ന് നാം പറഞ്ഞു പോകും. അപ്പോൾ, ഇത്തരം നിർണായകവും വ്യാകീർണവുമായ നിമിഷാന്തരങ്ങളിൽ ജോസഫ് എന്തുചെയ്തു എന്ന് ഓർക്കണം; ഓർത്താൽ പോരാ ധ്യാനിക്കണം.

ഒരു ശരാശരി സമ്പാദ്യകാരനായിരുന്നല്ലോ ജോസഫ് എന്ന തച്ചൻ. മേരിയുടെ ഉദരഫലം പിറക്കുന്ന സമയംപാർത്ത് ഒരു തീവിഴുങ്ങിപ്പക്ഷിയായി അലയുകയാണ് ജോസഫ്. മേരി ആസന്ന പ്രസവയായ ഘട്ടത്തിലാണ്, പേരെഴുത്ത് നടത്താൻ ബെത്‌ലഹേമിലേക്കു പോകണമെന്ന ഒരു കല്പന വരുന്നത്. കയ്യിൽ കഷ്ടിച്ച് കുറച്ചു ചില്ലികൾ കാണും. അത് വച്ച് ഒരു കഴുതയെ വാടകയ്ക്കെടുക്കുന്നു. കാതങ്ങൾ ദൂരെയാണ് ബേത്‌ലഹേം. കഴിവതും വേഗം അവിടെയെത്തി പേര്ചേർത്ത്കഴിഞ്ഞു മടങ്ങി വരണം. മേരിയെ അമൂല്യമായ ഒരു നിധി പേടകം കണക്കെ മാറിൽ ചേർത്തുകൊണ്ടാണ് പരുക്കൻ പാതയിലൂടെ ജോസഫിന്റെ നടത്തം. കുന്നും കുഴിയുമുള്ള വഴിയും കണ്ണിൽ കുത്തുന്ന ഇരുട്ടും. ജോസഫ് കുടുംബനാഥനാണ്. അതുകൊണ്ട് എല്ലാ നൊമ്പരങ്ങളും സ്വയം ഏറ്റുവാങ്ങി, മേരിയെ ഒന്നും അറിയിക്കാതെ കഴുതപ്പുറമേറ്റി കൊണ്ടുപോവുകയാണ് ജോസഫ്. ഇതൊക്കെ തന്റെ ധർമ്മമാണ്. ദൈവഹിതത്തിന് വിധേയപ്പെടലാണ്. അപ്പൊഴൊക്കെ ജോസഫ് നീതിമാനായ ജോബിനെ സ്മരിച്ചു. മഹാനൊമ്പരങ്ങളുടെ നടുമുറിയിൽ നിന്നുകൊണ്ട് ജോബ് വിചാരിച്ചതിങ്ങനെ: "ദൈവകരങ്ങളിൽനിന്ന് നൻമ സ്വീകരിച്ച നാം തിൻമ സ്വീകരിക്കുവാൻ മടിക്കുകയോ?" (ജോബ് 2,10).

അങ്ങനെ മേരിക്കു പ്രസവസമയമടുത്തു; എവിടെയെങ്കിലും തങ്ങാതെ നിവൃത്തിയില്ല. നേരത്തെ തപ്പിയെടുത്ത സത്രങ്ങളിൽ ഒരിക്കൽക്കൂടി വാതിൽ മുട്ടുകയാണ് ജോസഫ്. എല്ലായിടത്തും വിരസമയ മുഖങ്ങളും അസഹ്യത സ്ഫുരിക്കുന്ന അലോസര ധ്വനികളും. ഒരു ചെറ്റകുടിൽ പോലും കിട്ടാനില്ല. കൊഴിഞ്ഞുവീഴാൻ തിടുക്കപ്പെടുന്ന ഏതോ വെള്ളപ്പൂവുപോലെ വിളറി! അപ്പോൾ; 'ഇമ്പേ' എന്നൊരു തള്ളപ്പശുവിന്റെ സ്നേഹവിളി. അവരങ്ങോട്ട് മടികൂടാതെ തത്രപ്പെട്ടു നീങ്ങി. കയ്യിൽക്കിട്ടിയ വൈക്കോൽ ചീന്തുകളും പുല്ലിൻ കടകളും വാരി നിരത്തി, ഒരു പഴന്തുണി വിരിച്ചു തയ്യാറാക്കിയ ഈറ്റു മുറി. ഒന്നും കാണാൻ കരുത്തില്ലാതെ, കണ്ണടച്ച് പ്രാർഥിച്ചിരിക്കെ ഒരു പിള്ള കരച്ചിൽ! രക്ഷകന്റെ പിറവിയാണത്. അതിരുകൾ അറിയാത്തതാണ് ജോസഫിന്റെ ധർമ്മസങ്കടം. തന്റെ ചോരയുടെ അംശവും ഓഹരിയുമായ കുഞ്ഞിന് ജന്മം കൊടുക്കാൻ, പ്രാണപ്രിയയ്ക്കു ഒരു കിടപ്പാടം നൽകാൻ ത്രാണിയില്ലാതെപോകുന്നവന്റെ ആ നിസ്സഹായവസ്ഥ, ഹൃദയത്തിൽ കാട്ടുകടന്നൽ കുത്തായിമാറുന്നു. തന്റെ ജീവപ്രിയ, തന്റെ ആദ്യ സന്താനത്തിന് ജന്മംനൽകാൻ ഒരുങ്ങുന്നു എന്ന വാർത്ത ആദ്യമറിയുമ്പോൾ,

ഭർത്താവിന്റെ സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കുന്നു: നിന്നെ ഞാൻ ഏറ്റവും മികച്ച ഗൈനക്കോളജിസ്റ്റിനെ കാണിക്കും. ഒരുപാട് വൈറ്റമിൻ ഗുളികകളും പാലും പഴവും വാങ്ങിത്തരും. കുഞ്ഞു വെളുത്തുതുടുത്തിരിക്കാൻ കുങ്കുമപ്പൂവ് നാടൻ പശുവിന്റെ പാലിൽ അരച്ചു കലക്കിത്തരും. പ്രസവത്തിന് കുറെ ദിവസം മുമ്പുതന്നെ നഗരത്തിലെ ഒന്നാംകിട മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ അഡ്മിറ്റ്ആക്കും. പക്ഷെ, പെട്ടന്നായിരുന്നു; ചാറ്റമഴയിൽ വഴുക്കലുണ്ടായ റോഡിൽ ബൈക്ക് മറിഞ്ഞ് തലപൊട്ടി... പ്രസവത്തിന് കാത്തുവെച്ച പണം മുഴുവൻ തീർന്നിരിക്കുന്നു. സർക്കാരാശുപത്രിയിൽ വൃത്തിഹീനമായ വാർഡിൽ പ്രസവിച്ച ഭാര്യയെയും പിഞ്ചുകുഞ്ഞിനേയും ഒന്ന് കാണാൻ പോലും പോകാനാവാതെ അയാൾ. ഇമ്മാതിരി നിസ്സഹായ വിനാഴികകളിൽ ഈ കുടുംബനാഥന് ജോസഫിനെ ഓർക്കാം. ജോസഫിന്റെ നൊമ്പരങ്ങൾ ധ്യാനമാക്കാം. കാരണം, നൊമ്പരപ്പെടുന്ന കുടുംബനാഥന്മാരുടെ സാന്ത്വനമാണ് ജോസഫ്.

പിന്നെയും ദുരനുഭവങ്ങൾ ജോസഫിന്റെ ഉറക്കം നഷ്ടപ്പെടുത്തി. ദിവ്യശിശുവിനെ വധിക്കുവാൻ തക്കം പാർക്കുന്ന ഹേറോദേസ് രാജാവിന്റെ പിടിയിൽ പെടാതിരിക്കുവാൻ ഈജിപ്തിലേക്കു തത്ക്ഷണം പലായനം ചെയ്യണമെന്ന് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. ആ രാത്രി തന്നെ കെട്ടും ഭാണ്ഡവും മുറുക്കി ജോസഫ് മേരിയേയും ഉണ്ണിയേയുംകൂട്ടി ദൂരെയുള്ള ഈജിപ്തിലേക്ക് പോകുന്നു. ജോസഫ് പരാതിപ്പെടുന്നില്ല, പിറുപിറുക്കുന്നില്ല. ദൈവഹിതത്തിനു സമ്പൂർണ്ണമായും വിധേയപ്പെടുന്ന സംരക്ഷകനായ കുടുംബനാഥനെയാണ് ജോസഫ് പ്രതിനിധാനം ചെയ്യുന്നത്. ആപത്തുകൾക്കുനടുവിലും ഉറച്ച ദൈവവിശ്വാസത്തോടെ നാം ആർജിച്ചെടുക്കുന്ന ധൈര്യമാണ് വിപദിധൈര്യം. ആപത്തുകൾ മുഖതാവിൽ കാണുമ്പോഴും ധൈര്യമോ! സാധിക്കും; ദൈവത്തിൽ വിശ്വസിക്കുവാൻ കഴിഞ്ഞാൽ. കുടുംബനാഥനായ ജോസഫ് ഇത്തരം വിപത്ഘട്ടങ്ങളിൽ ദൈവത്തിന് സ്വയം മുഴുവനെ കയ്യാളിച്ച് ധൈര്യം സ്വരുകൂട്ടുകയായിരുന്നു. എല്ലാ കുടുംബനാഥൻമാരും അങ്ങനെയാകണമെന്ന് ജോസഫ് അവശേഷമാക്കുന്ന ഗുണപാഠം.


കുറച്ചുനാളിന് ശേഷം ജോസഫ് മേരിയേയും ഉണ്ണിയേയും കൂട്ടി ഇസ്രായേൽ ദേശത്തേക്ക് മടങ്ങുന്നുണ്ട്. ഹേറോദേസ് മരണപ്പെട്ടെങ്കിലും മകൻ അർകലാവൂസാണ് അവിടെ നാടുവാഴിയെന്ന് കേട്ട് ജോസഫ് പിന്നെയും ശങ്കാകുലനാകുന്നു, പക്ഷേ, എത്രനാൾ അന്യദേശത്ത് തുടരും? മടങ്ങാതെ വയ്യ. അത് അടിമത്തമായി മനസ്സിൽ തീപടർത്തും. ഉന്മേഷം കെടുത്തും. ചൈതന്യം ഇല്ലാതാക്കും. തന്റെ സംരക്ഷണത്തിന് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവകുമാരനേയും കാത്തുപാലിക്കുക എന്ന സ്നേഹബാധ്യത നിലനിൽക്കെത്തന്നെ, ജോസഫ് ധീരത കൈവരിക്കുകയാണ്. അവർക്ക് താമസിക്കാൻ ഇടവും ഭക്ഷിക്കുവാൻ ഭക്ഷണവും നൽകേണ്ടത് കുടുംബനാഥനായ തന്റെ കടമയാണ്. അതിന് തന്റെ കുലത്തൊഴിലിലേക്ക് മടങ്ങണം. ജോലിചെയ്ത് ജീവിത സമ്പാദനം നടത്തി, കുടുംബത്തിന്റെ കാര്യങ്ങൾ സുഭദ്രമാക്കണം. ഇവിടെ കുടുംബനാഥന്മാർ, അധ്വാനത്തിന്റെ മഹിമാതിരേകവും ബാധ്യതാനിർവ്വഹണത്തിന്റെ ഘനീഭൂതസാന്ദ്രമാനങ്ങളും ജോസഫിൽ കണ്ടെത്താൻ ശ്രമിക്കണം.

ജോസഫും കുടുംബവും നസ്രത്തിൽ തിരിച്ചെത്തിയ ഘട്ടത്തിൽ യേശു ബാല്യം പിന്നിട്ടിട്ടില്ലെന്നും കൗമാരത്തിലെത്തിയിട്ടുണ്ടാവില്ലെന്നും വേണം അനുമാനിക്കാൻ. എന്നുവച്ചാൽ, ഒരു കുട്ടിയുടെ ജീവിതത്തിൽ വളർച്ചയുടെ ഏറ്റവും നിർണ്ണായകമെന്ന് മനോവിശ്ലേഷകർ സിദ്ധാന്തിക്കുന്ന വയോഘട്ടമാണിത്. മകനെ മേരിയെ ഏല്പിച്ചിട്ടായിരിക്കണം ജോസഫ് മരപ്പണിക്ക് പോകുന്നത്. അപ്പോഴൊക്കെ മേരിയുടെ ചുമതലയിലായിരിക്കും ഉണ്ണിയേശു അധികം സമയവും. അതുകൊണ്ടുതന്നെ, പണി കഴിഞ്ഞുവരുന്ന ജോസഫ്, പരീക്ഷീണനാണെങ്കിലും, മേരിയോടൊപ്പമുള്ള മകന്റെ രൂപവത്കരണവും സ്വഭാവ സംസ്കാരവും യഥാവിധി നടക്കുന്നുണ്ട് എന്ന കാര്യം ഉറപ്പുവരുത്തിയിരുന്നു. യേശുവിന്റെ ജീവിതകാല സ്നേഹാർദ്രഭാവം മുഴുവനും മേരിയിൽ നിന്നും സംക്രമിച്ചതാണെങ്കിൽ, ആ നിശ്ചയദാർഢ്യവും സൂക്ഷ്മ നിരീക്ഷണ ദക്ഷതയും ജോസഫിൽ നിന്ന് സമാർജിച്ചതാവുമെന്ന് തീർച്ച. മക്കളുടെ മുമ്പിൽ തുറന്നു വച്ച പാഠപുസ്തകമായിരിക്കണം മാതാപിതാക്കന്മാർ, പ്രത്യേകിച്ച് കുടുംബനാഥന്മാർ എന്ന് ജോസഫ് സദാ ദൃഷ്ടാന്തീകരിച്ചിട്ടുണ്ട്. അനൗപചാരികമായിരിക്കാമെങ്കിലും മേരിയാണ് ഉണ്ണിയെ ആദ്യമൊക്കെ വിദ്യാഭ്യാസം ചെയ്യിച്ചത്. പക്ഷെ, അവിടേയും ജോസഫിന്റെ ശ്രദ്ധാപൂർവകമായ മേൽനോട്ടം ഉണ്ണിക്ക് കിട്ടിയിരിക്കണം.

തന്റെ കൈത്തൊഴിലായ മരപ്പണി യേശു കൗമാരത്തിലേക്ക് കാലുകുത്തുന്ന അവസരത്തിൽതന്നെ പഠിച്ചിരിക്കണമെന്ന കാര്യത്തിൽ ജോസഫിന് കടുത്ത നിഷ്ഠയും നിർബന്ധമുണ്ടായിരുന്നു. തൻമൂലം മികവുറ്റ ഒരു തച്ചനാകാനും അധ്വാനഫലംകൊണ്ട് കുടുംബം പോറ്റാനുള്ള പ്രാപ്തി യേശു കൈവരിച്ചതിന് ശേഷമായിരിക്കണം ജോസഫ് ഭാഗ്യമരണം പ്രാപിച്ചത്. പിന്നെയും കുറെ വർഷങ്ങൾ ജോലിചെയ്ത് അമ്മയെ സംരക്ഷിച്ചതിനു ശേഷമായിരിക്കണം, യേശു തേജോമയമായ പരസ്യജീവിതമാരംഭിക്കുന്നത്. ചുരുക്കത്തിൽ, പിതൃഹൃദയത്തിനടുത്ത ഉദാത്തമായൊരു കരുതൽ സംസ്കാരമാണ് ജോസഫിന്റെ ധന്യജീവിതത്തിന്റെ ബാക്കിപത്രം. തന്റെ സംരക്ഷണം നീതിപൂർവകമായിരിക്കുവാൻ ജോസഫ് എന്നും ശ്രദ്ധിച്ചിരുന്നു. യൗസേപ്പിതാവിന് പ്രതിഷ്ഠിതമായ ഈ വർഷം സമാപിക്കുമ്പോൾ ഉദാത്തമായൊരു കരുതൽ സംസ്കാരത്തിന്റെ ഉടമകളാകുവാൻ ജോസഫിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കാം. കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നതുകൊണ്ടോ കുടുംബാംഗങ്ങൾക്ക് ചെലവിന് കൊടുക്കുന്നതുകൊണ്ടോ ഒരാൾ പിതാവോ കുടുംബനാഥനോ ആകുന്നില്ല. സ്നേഹത്തിന്റെയും പാരസ്പര്യത്തിന്റെയും കരുതലിന്റെയും സംസ്കാരം സ്വരൂപിച്ചെടുത്ത് സ്വയം ഒരു ശാദ്വല ഭൂമികയാകാൻ അയാൾക്ക് കഴിയണം. ഇതെല്ലാം കണ്ടുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ പറയുന്നത്, "പിതാക്കന്മാർ ജനിക്കുന്നില്ല അവർ സാവധാനം രൂപപ്പെടുകയാണ്". ●



# യൽദാപ്പെരുനാൾ



ഫാ. മാത്യു ചിറയിൽ

'കാലത്തിന്റെ പൂർണതയിൽ പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചു. ലോക രക്ഷകന്റെ പിറവിക്കായി ലോകം കാത്തിരുന്നു. ആ ലോക രക്ഷകന്റെ പിറവിത്തിരുനാൾ ദിനമാണ് ക്രിസ്തുമസ്.

യേശു ജനിച്ചത് ബത്‌ലഹേമിലെ പുൽത്തൊഴുത്തിലാണ്. സർവ്വശക്തനായ ദൈവം മാനുഷിക രൂപം സ്വീകരിച്ച് എളിയവനായി പിറന്നു. സത്രത്തിൽ സ്ഥലം ഇല്ലാത്തതിനാലല്ല, മറിച്ച് സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല എന്നതുകൊണ്ട് മറിയം തന്റെ കടിഞ്ഞൂൽ പുത്രനെ പുൽത്തൊട്ടിയിൽ പ്രസവിച്ചത്. നമുക്ക് നിത്യ ജീവൻ നൽകുന്നതിന്റെ ആരംഭമായിരുന്നു പുൽത്തൊട്ടിയിലെ യേശുവിന്റെ ജനനം. മനുഷ്യനിൽ നാം ദൈവത്തെ ദർശിക്കണം. എളിമയിലാണ് മഹത്വം എന്ന് നാം തിരിച്ചറിയണം. എല്ലാവരിലും, എല്ലാറ്റിലും ദൈവത്തെ കാണുക. വലിയവനിലും, ചെറിയവനിലും ദൈവത്തെ കാണുക. യേശുവിനെപ്പോലെ ഇത്ര ചെറുതാവാൻ നാം എത്ര വളരേണ്ടിയിരിക്കുന്നു.

പാവപ്പെട്ട ആട്ടിയിടന്മാർക്ക് രക്ഷകന്റെ ജനന വാർത്ത ആദ്യം ലഭിച്ചു. ജീവിതത്തിൽ വെറും ചെറിയവരായ ആട്ടിടയന്മാർ. അവരുടെ കുടുംബമോ, കുടുംബ മഹിമയോ, സ്ഥാനമാനങ്ങളോ ദൈവം നോക്കിയില്ല. നമ്മൾ ഒട്ടും പ്രതീക്ഷിക്കാത്തവരിലാണ് ദൈവത്തിന്റെ സന്ദേശം എത്തിച്ചേരുക. സമൂഹത്തിലെ വിലയും, നിലയും ദൈവം തേടിപ്പോകുന്നില്ല. സാധാരണക്കാരിൽ ദൈവം വസിക്കുന്നു. ആട്ടിയിടന്മാർക്ക് ദൈവം മാത്രമാണ് സ്വന്തമായിട്ടുള്ളത്. മൂന്ന് രാജാക്കന്മാർ ഉണ്ണീശോയെ തേടി പുറപ്പെട്ടപ്പോൾ അവർ ദിശതെറ്റി കൊട്ടാരത്തിലെത്തി. എന്നാൽ അവിടെ അവർക്ക് യേശുവിനെ കണ്ടെത്താനായില്ല. മഞ്ഞും തണുപ്പും ഏറ്റ് കിടക്കുന്ന ഉണ്ണിയേശുവിനെ പുൽത്തൊട്ടിയിലാണ് അവർ കണ്ടെത്തിയത്. ആ മൂന്ന് രാജാക്കന്മാർ പൊന്നും, മീറയും, കുന്തിരിക്കവും സമ്മാനമായി സമർപ്പിച്ചു. ദൈവത്തിൽ പൂർണമായി ആശ്രയിച്ച്, എളിയവരായി ജീവിച്ചാൽ നമ്മുടെ ജീവിതത്തിൽ ഉണ്ണിയേശുവിനെ കണ്ടുമുട്ടുവാൻ സാധിക്കും. നമ്മളെത്തന്നെ, നമുക്കുള്ളത് മുഴുവൻ ദൈവത്തിന് സമർപ്പിക്കുക.

ഏറ്റവും ചെറിയവനായവനാണ് യേശു. ആ ഉണ്ണിയേശുവിനെ കാണുവാനുള്ള ഭാഗ്യം പാവപ്പെട്ട ആട്ടിടയന്മാർക്കും, മാലാഖമാർക്കും ലഭിച്ചു. യേശുവിനെ നാം കാണേണ്ടത് എളിയവരിലും, നിസ്സഹായരിലുമായിരിക്കണം. ക്രിസ്തുമസ് സമൃദ്ധമായ ഭക്ഷണത്തിന്റെയോ, ബാഹ്യ അലങ്കാരത്തിന്റെയോ, വെറും ഉപഹാരങ്ങൾ കൈമാറുന്നതിന്റെയോ ആയ ആഘോഷമായിരിക്കരുത്. ഏറ്റവും ചെറിയവരിൽ ഉണ്ണിയേശുവിനെ കണ്ടുകൊണ്ട് അവരെ സ്നേഹിക്കുവാനും, സഹായിക്കുവാനും, അവരോട് താദാത്മ്യപ്പെടുവാനും ക്രിസ്തുമസ് ഇടയാക്കണം. വിശക്കുന്നവർ, ദാഹിക്കുന്നവർ, രോഗികൾ, പരദേശവാസികൾ എന്നിവരിൽ ഉണ്ണിയേശുവിനെ ദർശിക്കാതെയുള്ള ബാഹ്യമായ ക്രിസ്തുമസ് ആഘോഷത്തിന് വിലയുമില്ല, അർഥവുമില്ല. ഞാൻ കുഷ്ഠരോഗിയെയല്ല, യേശുവിനെയാണ് ചുംബിക്കുന്നതെന്ന് പറഞ്ഞ കൽക്കട്ടയിലെ വി. മദർ തെരേസ നമുക്ക് സാക്ഷ്യമാണ്, സാക്ഷിയാണ്. ആ കുഷ്ഠരോഗിയിൽ വി. മദർ തെരേസ യേശുവിന്റെ മുഖം ദർശിച്ചു. കോവിഡ് രോഗികളിൽ, കോവിഡ് പ്രവർത്തകരിൽ നാം യേശുവിനെ ദർശിക്കണം. നമ്മുടെ യേശുദർശനം പലപ്പോഴും കേക്കിൽ, ക്രിസ്തുമസ് കാർഡിൽ, ക്രിസ്തുമസ് ട്രീയിൽ, പടക്കങ്ങൾ എന്നിവയിൽ ഒതുങ്ങി നിൽക്കുമ്പോൾ നാം ചിന്തിക്കണം നമ്മുടെ ഹൃദയത്തിൽ യേശു ജനിച്ചിട്ടുണ്ടോ എന്ന്. എന്റെ ഹൃദയത്തിൽ, എന്റെ മനസ്സിൽ ജനിക്കാത്ത ഉണ്ണിയേശുവിനെ മറ്റുള്ളവർക്ക് നൽകുവാൻ എനിക്ക് സാധിക്കുകയില്ല. ആയതിനാൽ ഉണ്ണീശോ ആദ്യം നമ്മുടെ ഹൃദയങ്ങളിൽ പിറക്കട്ടെ. സമാധാനവും, സന്തോഷവും നിറഞ്ഞ ക്രിസ്തുമസ് ആശംസിക്കുന്നു.

# ക്രിസ്മസ്കാലം
# പരിശുദ്ധ കന്യക മറിയത്തോടൊപ്പം



**റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**
പ്രസിഡന്റ്, പൗരസ്ത്യവിദ്യാപീഠം

രക്ഷാകര ചരിത്രത്തിലുടനീളം ദൈവം തന്റെ ജനത്തെ രക്ഷിക്കുവാനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതു നമ്മൾ കാണുന്നുണ്ട്. അതിന്റെ തുടർച്ചയും പൂർത്തീകരണവുമാണ് ഈശോമിശിഹായുടെ മനുഷ്യാവതാരം. പൂർവപിതാവായ അബ്രാഹത്തിനു നല്കിയ വാഗ്ദാനം മുതലുള്ള ദൈവിക ഇടപെടലുകളെല്ലാം ഈശോമിശിഹായിലേക്കു നയിക്കുന്നതായിരുന്നു. ഈശോയുടെ പിറവിയെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് വി. ലൂക്കാ അറിയിച്ച സുവിശേഷത്തിലെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളാണ്. മറ്റേതു സുവിശേഷത്തിലേതുംകാൾ ഈശോയുടെ ജനനവുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിശദാംശങ്ങളോടെ വിവരിക്കുന്നത് വി. ലൂക്കായാണ്. ഈ രണ്ട് അദ്ധ്യായങ്ങളിലായി വി. ലൂക്കാ വരയ്ക്കുന്ന പരിശുദ്ധ കന്യകമറിയത്തിന്റെ ചിത്രം അടുത്തു കാണുവാനാണ് നമ്മൾ ഇവിടെ ശ്രമിക്കുന്നത്.

യൗസേപ്പുമായി വിവാഹനിശ്ചയം കഴിഞ്ഞിരുന്ന കന്യകയായ മറിയത്തോട്, ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും (ലൂക്കാ 1, 31) എന്നു ഗബ്രിയേൽ ദൂതൻ അറിയിച്ചപ്പോൾ, ഇതെങ്ങനെ സംഭവിക്കും എന്ന് അവൾ ചോദിക്കുന്നതു നമ്മൾ കാണുന്നുണ്ട് (ലൂക്കാ 1,34). ജീവിതകാലം മുഴുവൻ കന്യകയായി തുടരാൻ തീരുമാനിച്ചിരുന്ന അവൾ എങ്ങനെ ഗർഭംധരിക്കും എന്നതായിരുന്നു അവളുടെ സംശയം. അതിനു മറുപടിയായി ദൂതൻ അറിയിച്ചു: "പരിശുദ്ധാരൂപി വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. അകയാൽ, നിന്നിൽ നിന്നു ജനിക്കാനിരിക്കുന്നവൻ പരിശുദ്ധനാകുന്നു; അവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1,35). പുരുഷബന്ധത്തിലല്ല, മറിച്ച് പരിശുദ്ധറൂഹായുടെ ആവാസത്താലാണ് താൻ ഗർഭിണിയാകാൻ പോകുന്നത് എന്നു മനസ്സിലാക്കിയ മറിയം ദൈവഹിതത്തിനു പൂർണമായി സമർപ്പിച്ചുകൊണ്ട് പറഞ്ഞു: "ഇതാ, ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ" (ലൂക്കാ 1,38). മറിയം ഇവിടെ സമ്മതം നല്കിയത് താൻ ഏറ്റെടുക്കുന്ന ഉത്തരവാദിത്വത്തിന്റെ അർഥം പൂർണമായി മനസ്സിലാക്കിയിട്ടല്ല, മറിച്ച് അതു ദൈവികപദ്ധതിയുടെ ഭാഗമാണ് എന്നു തിരിച്ചറിഞ്ഞതുകൊണ്ടാണ്. ദൈവമാണ് ഇടപെടുന്നതെങ്കിൽ, റൂഹാദ്ക്കുദ്ശായാണ് പ്രവർത്തിക്കുന്നതെങ്കിൽ, എല്ലാം നന്മയ്ക്കായേ സംഭവിക്കൂ എന്ന ഉറച്ച വിശ്വാസം മറിയത്തിനുണ്ടായിരുന്നു. ഈ വിശ്വാസമാണ് ദൈവികപദ്ധതിയ്ക്കു പൂർണമായി വിട്ടുകൊടുക്കുവാൻ അവളെ പ്രാപ്തയാക്കിയത്. നാമും അനുകരിക്കേണ്ട മാതൃകയാണിത്. നമ്മൾ ചെയ്യേണ്ട ചില കാര്യങ്ങൾ ദൈവം നേരിട്ടോ, നമ്മുടെ മനസാക്ഷിയിലൂടെയോ, മാതാപിതാക്കളിലൂടെയോ, അധികാരികളിലൂടെയോ നമ്മോട് ആവശ്യപ്പെടുമ്പോൾ, ദൈവഹിതമാണെന്നു ബോദ്ധ്യമായാൽ ധൈര്യപൂർവം അത് ഏറ്റെടുക്കാവാൻ നമുക്കും സാധിക്കണം. ദൈവത്തിന്റെ ഇഷ്ടം നിറവേറട്ടെ എന്നായിരിക്കട്ടെ നമ്മുടെ പ്രത്യുത്തരവും.

തന്റെ ചാർച്ചക്കാരി ഏലീശ്ബാ അവളുടെ വാർദ്ധക്യത്തിൽ ഗർഭിണിയായിരിക്കുന്നു എന്നു ദൂതനിൽ നിന്നു കേട്ടറിഞ്ഞ മറിയം തിടുക്കത്തിൽ അവളെ സഹായിക്കാനായി ദൂരെ ദേശത്തുള്ള സഖറിയായുടെ ഭവനത്തി



ലേക്കു പോകുന്നതാണു നമ്മൾ തുടർന്നു കാണുന്നത് (ലൂക്കാ 1,39). നമുക്കു ചുറ്റുമുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞും കേട്ടറിഞ്ഞും സഹായിക്കുവാൻ നമുക്കും സാധിക്കുമ്പോൾ, നമ്മളും മറിയത്തെപ്പോലെ അനുഗൃഹീതരാകും. ഉദരത്തിൽ ദൈവപുത്രനെ വഹിച്ചിരുന്ന അവളുടെ അഭിവാദനസ്വരത്തിനുപോലും ദൈവികശക്തിയുള്ളതായി സുവിശേഷകൻ രേഖപ്പെടുത്തുന്നു. മറിയത്തിന്റെ അഭിവാദനം ശ്രവിച്ചയുടനെ ഏലീശ്ബായുടെ ഉദരത്തിലെ ശിശു തുള്ളിച്ചാടി; ഏലീശ്ബാ പരിശുദ്ധാരൂപിയാൽ നിറയുകയും ചെയ്തു (ലൂക്കാ 1,41). കൂദാശകളിലൂടെ, പ്രത്യേകിച്ചു പരിശുദ്ധ കുർബാനയിലൂടെ ദൈവത്തെ - ഈശോയെ - സംവഹിക്കുന്നവരാണു നമ്മൾ ഓരോരുത്തരും. നമ്മിലെ ഈ ദൈവിക സാന്നിദ്ധ്യം നമ്മോട് ഇടപെടുന്നവർക്കു ദൈവാനുഗ്രഹത്തിനു കാരണമാകണം.

മറിയം ദൈവത്തെ മഹത്ത്വപ്പെടുത്തിയത് അവിടുന്ന് അവളുടെ താഴ്മയെ കടാക്ഷിച്ച് തന്റെ പുത്രനു മാതാവാകുവാൻ അവളെ തിരഞ്ഞെടുത്തതിനെ പ്രതിയാണ് (ലൂക്കാ 1,46-55). തന്നിൽ എന്തെങ്കിലും അഹങ്കരിക്കുവാനുള്ളതായി മറിയം കണ്ടില്ല. എല്ലാം ദൈവകരുണയുടെ ഭാഗമായി അവൾ തിരിച്ചറിഞ്ഞു. സുവിശേഷങ്ങളിൽ അധികമൊന്നും മറിയം സംസാരിക്കുന്നതായി നമ്മൾ കാണുന്നില്ല. പക്ഷേ, ദൈവസ്തുതിയുടെ കാര്യത്തിൽ അവൾ വാചാലയാണ്. മാഗ്നിഫിക്കാത്ത് എന്ന അവളുടെ കീർത്തനത്തിൽ അതാണു നമ്മൾ ശ്രവിക്കുന്നത്. ദൈവികമനുഷ്യരുടെ അധരങ്ങളിൽ സദാ ദൈവസ്തുതി നിറഞ്ഞുനില്ക്കും.

ഈശോയുടെ ജനനാവസരത്തിൽ ഒരിടത്തു മാത്രമാണു വി. ലൂക്കാ മറിയത്തെക്കുറിച്ചു പരാമർശിക്കുന്നത്. മറിയം ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുകയും അവയെപ്പറ്റി ചിന്തിക്കുകയും ചെയ്തിരുന്നു (ലൂക്കാ 2,19). തിരുപ്പിറവിയുടെ വേളയിൽ ദൂതൻ ഇടയന്മാരോടു പ്രഘോഷിക്കപ്പെട്ടതായി അവർ അറിയിച്ച, സർവ്വലോകത്തിനും വേണ്ടിയുള്ള മഹാസന്തോഷത്തിന്റെ സദ് വാർത്ത, രക്ഷകനായ മിശിഹായെക്കുറിച്ചുള്ള സുവിശേഷം നിശ്ചയമായും അവളുടെ ധ്യാനവിഷയമായിരുന്നു. പരിമിതയായ മനുഷ്യവ്യക്തി എന്ന നിലയിൽ ഈ സംഭവങ്ങളുടെയെല്ലാം അർഥം അവൾക്കു പൂർണമായി മനസ്സിലായി കാണണമെന്നില്ല. എങ്കിലും ഇവയിലെല്ലാം ദൈവകരം ദർശിച്ച അവളെ സംബന്ധിച്ച് ദൈവഹിതത്തിനു വിട്ടുകൊടുക്കുവാൻ വിഷമമില്ലായിരുന്നു.

പെസഹാത്തിരുനാളിന് കാണാതായ ഈശോയെ ഓർശ്ലേം ദൈവാലയത്തിൽ വച്ചു കണ്ടുമുട്ടുമ്പോൾ, "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കണമെന്ന കാര്യം നിങ്ങൾക്ക് അറിവില്ലായിരുന്നോ?" (ലൂക്കാ 2,49) എന്ന അവിടുത്തെ ചോദ്യത്തിന്റെ അർഥവും മറിയത്തിനു ശരിക്കു മനസ്സിലായില്ല എന്നു തുടർന്നുള്ള വചനത്തിൽ നിന്നു വ്യക്തമാണ്: "അവൻ അവരോടുകൂടെ പോയി നസ്രത്തിൽ അവർക്കു വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സൂക്ഷിച്ചു" (ലൂക്കാ 2,51). ദൈവമാണ്, ദൈവപുത്രനാണ് തങ്ങൾക്കു വിധേയപ്പെട്ടു ജീവിക്കുന്നത് എന്ന യാഥാർഥ്യം മാനുഷിക ബുദ്ധിയിൽ മനസ്സിലാക്കുവാൻ മറിയത്തിനു വിഷമമായിരുന്നിരിക്കണം.

ക്രിസ്മസിന്റെ അർഥം ഇതാണല്ലോ: 'ദൈവം നമ്മോടുകൂടെ'. നമ്മോടുകൂടെ വസിക്കുന്ന ദൈവത്തിന്റെ മഹത്വം ഗ്രഹിക്കുവാൻ നമ്മൾ അപ്രാപ്തരാണെങ്കിലും ഈ ദിവ്യരഹസ്യത്തെക്കുറിച്ചുള്ള ചിന്ത സദാസമയവും ഹൃദയത്തിൽ സൂക്ഷിക്കുവാൻ ഒരിക്കൽക്കൂടി ഈ പിറവിത്തിരുനാൾ നമ്മെ ക്ഷണിക്കുന്നു. പരിശുദ്ധ കന്യകമറിയത്തെപ്പോലെ, ഈശോയുടെ ജനനവുമായി ബന്ധപ്പെട്ട ഈ സംഭവങ്ങൾ നമുക്കും ധ്യാനത്തിന്റെയും പ്രാർഥനയുടെയും വിഷയമാക്കാം. അതുവഴി അനുഗൃഹീതരായിത്തീരുകയും ചെയ്യാം.

---

# Monti Marian Mega Quiz- T21

Learn.... Revise……Renew.

Every celebration includes a commemoration. Every commemoration commences new initiatives. The footsteps of concettini's from Bovisio to India reaches its 5th decade on 2023. Let us celebrate it gratefully by commemorating the contributions of the pioneers, zealous brothers and benefactors. The trumpets for the Golden Jubilee Celebrations are ready. A new endeavor is announced, "Monti Marian Mega Quiz" a quiz to learn, revise and renew. It aims to propagate our Charism within and around our presence. It is an open space for each one for affirming our knowledge about Congregation, Founder and Immaculate Virgin. It traces our true spirit and teaches to the present and targets to preserve for future. It is indeed an initiative to induce the young Friars to travel to the essence of the Congregation and for our congregation. Moreover, it is the greatest opportunity for every one of us to ignite our minds with filial devotion to Immaculate Mother.



# കാരുണ്യത്തിന്റെ തിരുപ്പിറവി

റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ

ഈശോയുടെ ജനനത്തിൽ പിറവികൊണ്ടത് ദൈവകാരുണ്യത്തിന്റെ മനുഷ്യരൂപമാണ്. ദൈവകാരുണ്യത്തിന്റെ മഹാസംഭവമാണ് മനുഷ്യാവതാരം. ഈശോയുടെ പിറവിയുടെ പശ്ചാത്തലത്തിൽ കരുണയുടെ പതിവില്ലാത്ത നീരൊഴുക്ക് നടന്നു; ദൈവത്തിന്റെ ഭാഗത്തുനിന്നും മനുഷ്യരുടെ പക്ഷത്തുനിന്നും.

പാപികളായ മനുഷ്യർക്കുവേണ്ടി സ്വപുത്രനെ ഭൂമിയിലേക്കയച്ചു ദൈവം മനുഷ്യകുലത്തോട് അളവറ്റ കരുണ കാണിച്ചു. ദൈവികമായ മഹിമാതിശയങ്ങൾ മാറ്റിവച്ച് പുത്രൻതമ്പുരാൻ ഒരു മനുഷ്യശിശുവായി ജനിക്കാൻ തക്കവിധം മനുഷ്യരോട് കാരുണ്യംകാണിച്ചു. ഈശോയുടെ അമ്മയാകാൻ മറിയത്തിന്റെ സമ്മതം കാത്ത് ദൈവദൂതൻ നിന്നു. മറിയം ദൈവത്തോടു കാണിക്കുന്ന കാരുണ്യംപോലെ തോന്നും അവൾ കൊടുക്കുന്ന സമ്മതം. ദൈവപുത്രന്റെ അമ്മയായി നിയോഗിക്കപ്പെട്ട മറിയം വാഴ്ത്തിപ്പാടിയത് ദൈവ കരുണയാണ്: "അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടന്ന് കരുണ വർഷിക്കും" (ലൂക്ക 1:50). തന്റെ പ്രതിശ്രുതവധു ഗർഭിണിയാണന്നറിഞ്ഞപ്പോൾ അവളെ നിയമപ്രകാരം കല്ലെറിഞ്ഞുകൊല്ലാൻ വിട്ടുകൊടുക്കാതെ യൗസേപ്പിതാവ് മറിയത്തോട് വലിയ കരുണ കാണിച്ചു. വാർദ്ധക്യത്തിൽ ഗർഭിണിയായ തന്റെ ഇളയമ്മ എലിസബത്തിനെ സന്ദർശിക്കുന്ന മറിയം അവളോട് കാണിച്ചത് മഹത്തായ കാരുണ്യമാണ്. അന്യനാട്ടിലെ ഒരു കാലിത്തൊഴുത്തിൽ പാതിരാക്ക് കുഞ്ഞിനെ പ്രസവിക്കേണ്ടിവന്ന മറിയവും അവളുടെ ഭർത്താവായ യൗസേപ്പും അനുഭവിച്ച ക്ലേശങ്ങളും ആകുലതകളും വലുതായിരുന്നു. പക്ഷേ ആ രാത്രിയിൽ കരുണാപൂർവം അവരെ സന്ദർശിച്ച ആട്ടിടന്മാർ അവർക്ക് നല്കിയ ആശ്വാസം അതിനേക്കാൾ വലുതായിരുന്നു. എന്നാൽ കാരുണ്യലേശമില്ലാതെ തങ്ങളുടെ സത്രങ്ങളുടെ വാതിലടച്ചവർക്കും ദിവ്യശിശുവിനെ വേട്ടയാടാൻ നോക്കിയവർക്കും അവന്റെ പിറവിയുടെ സന്തോഷം ലഭ്യമായില്ല.

ഈശോയുടെ ജനനത്തിൽ ആരംഭിച്ച കാരുണ്യപ്രവാഹം അവന്റെ പരസ്യജീവിതത്തിൽ കരുണയുടെ സുവിശേഷമായി മാറി. കരുണയുടെ ലിപികൾ കൊണ്ടാണ് സുവിശേഷം മുഴുവനും എഴുതപ്പെട്ടിരിക്കുന്നത്. അതിൽ തെളിഞ്ഞുവരുന്നതോ, കരുണാമയനായ സ്വർഗ്ഗപിതാവിന്റെ മുഖവും. കരുണ ദൈവത്തിന്റെ സാരാംശപരമായ വിശേഷണമാണ്. ''കർത്താവ് കാരുണ്യവാനും കൃപാനിധിയുമാണ്'' (പുറ.34:6). ഭൂമിയിൽ ദൈവപിതാവിന്റെ കരുണയുടെ മുഖമാണ് ഈശോ. അവൻ കരുണയുടെ കഥകൾ പറഞ്ഞു (ലൂക്ക 15); കരുണയുടെ പ്രവൃത്തികൾ ചെയ്തു (മത്താ.9:36); കരുണയെക്കുറിച്ച് പഠിപ്പിച്ചു (മത്താ.18:33); പാപികളോടും



പാവപ്പെട്ടവരോടും അവൻ നിരന്തരം അലിവു കാണിച്ചു; പിതാവിന്റെ കരുണയിലേക്ക് വളരാൻ ശിഷ്യന്മാരോട് ആഹ്വാനം ചെയ്തു (മത്താ.5:7; ലൂക്ക 6:36). ക്രിസ്തുമസ്സ് നമ്മിൽ സാർഥകമാകുന്നത് ഈശോയുടെ ജനനം തുറന്നുവിട്ട കരുണാപ്രവാഹത്തിൽ നാം മുങ്ങി നിവരുമ്പോഴാണ്. അതിന് നമ്മെ സഹായിക്കുന്ന മൂന്ന് കാര്യങ്ങൾ നാമിവിടെ പരിഗണിക്കുകയാണ്.

ഒന്നാമതായി, ദൈവകാരുണ്യം നാം ദൈവത്തിൽനിന്ന് ചോദിച്ചുവാങ്ങണം. കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിനുമുമ്പ് നാം ദൈവകാരുണ്യം സ്വീകരിക്കണം. ദൈവത്തിന്റെ കാരുണ്യം അനുഭവിക്കാത്തവർക്ക് കാരുണ്യ പ്രവൃത്തികൾ അർഥവത്തായി ചെയ്യാനാവില്ല. ദൈവകാരുണ്യത്തിനുവേണ്ടിയുള്ള നിരന്തരമായ യാചനകൾ സങ്കീർത്തനങ്ങളിലുണ്ട്: "അങ്ങേ സ്നേഹത്തിന് അനുസൃതമായി കരുണാപൂർവ്വം എന്നെ ഓർക്കണമേ" (25:7). കർത്താവിന്റെ കാരുണ്യം സ്വജീവിതത്തിൽ സ്വീകരിക്കാതെ കാരുണ്യപ്രവൃത്തികൾ ചെയ്യാൻ നമുക്കാവില്ല. അഥവാ അതിനു ശ്രമിച്ചാലും അത് കേവലം സാമൂഹിക സേവനമായി അവസാനിക്കും.

രണ്ടാമതായി, കർത്താവിന്റെ കാരുണ്യം നാം അംഗീകരിച്ച് ഏറ്റുപറയണം. ദൈവകരുണ ആഗ്രഹിക്കുന്നവരും അത് ലഭിച്ചവരും ചെയ്യേണ്ട കാര്യമാണിത്. ബൈബിളിൽ ഇതിന് അനേകം ഉദാഹരണങ്ങളുണ്ട്. "എന്നോട് അങ്ങു കാണിക്കുന്ന കാരുണ്യം വലുതാണ്" (സങ്കീ.86:13). "കർത്താവേ പണ്ടുമുതലേ അങ്ങ് ഞങ്ങളോട് കാണിച്ച അങ്ങയുടെ കാരുണ്യവും വിശ്വസ്തതയും അനുസ്മരിക്കണമേ" (സങ്കീ.25:6). സങ്കീ. 136 മുഴുവനും കർത്താവിന്റെ അനന്ത കാരുണ്യത്തെപ്രതി ദൈവത്തിനു നന്ദി പറയുന്നതാണ്. വിശുദ്ധ ആഗസ്തീനോസ് തന്റെ ആത്മകഥയിൽ ഏറ്റുപറയുന്നുണ്ട്, "ഞങ്ങളുടെ ഏകപ്രതീക്ഷയും ഏകഉറപ്പും ദൃഢമായ ഏകവാഗ്ദാനവും നിന്റെ കരുണയിലാണ്" (Confessions 10.32). ഈ പിറവിക്കാലത്ത് പ്രത്യേകിച്ചും നാം ദൈവത്തിന്റെ കരുണ അംഗീകരിച്ച് ഏറ്റുപറയണം.

മൂന്നാമതായി, ദൈവത്തിന്റെ കാരുണ്യം തേടുന്ന നമ്മൾ മറ്റുള്ളവരോട് കരുണ കാണിക്കണം. ഈശോയുടെ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ പതിയണം: "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും" (മത്താ.5:7). വിശുദ്ധ പൗലോസിന്റെ ഉപദേശം നമുക്കുള്ളതാണ്: "ദൈവം നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണകാണിച്ചും ഹൃദയാദ്രതയോടെ പെരുമാറുവിൻ" (എഫേ.4:32). കരുണ കാണിക്കുന്നവർ കർത്താവിനു പ്രിയപ്പെട്ടവരാണ്. ഇത് നമ്മെ പഠിപ്പിക്കുന്ന ദൈവവചനമിതാണ്: "മനുഷ്യന്റെ ദാനധർമ്മത്തെ മുദ്രമോതിരത്തെപ്പോലെ കർത്താവ് വിലമതിക്കുന്നു; അവന്റെ കാരുണ്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ അവിടുന്ന് കരുതുന്നു" (പ്രഭാ.17:22).

നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയും നമ്മുടെ കാരുണ്യം അർഹിക്കുന്നുണ്ട് എന്നു നാം മനസ്സിൽ ഉറപ്പിക്കണം. നമ്മുടെ കുടുംബാംഗങ്ങളും തെരുവിൽ കണ്ടുമുട്ടുന്നവരും ജോലിസ്ഥലത്ത് ഇടപെടുന്നവരുമെല്ലാം നമ്മുടെ അലിവ് അർഹിക്കുന്നുണ്ട്. നമ്മോട് ചെറുതും വലുതുമായ തെറ്റുകൾ ചെയ്യുന്നവരോട് നാം പൊറുക്കുന്നത് കാരുണ്യം കാണിക്കലാണ്. നമ്മോട് തെറ്റു ചെയ്യുന്ന പലരും രോഗികളും ആന്തരിക മുറിവുകളുള്ളവരും പക്വതയെത്താത്തവരും ഏതെങ്കിലും ബന്ധനങ്ങൾക്ക് അടിപ്പെട്ടവരുമാകാം. ഇതോർത്താൽ കാരുണ്യം കാണിക്കൽ എളുപ്പമാകും. നമുക്കിഷ്ടമില്ലാത്തവർക്കുവേണ്ടി പ്രാർഥിക്കുമ്പോൾ അവരോട് കാരുണ്യം കാണിക്കുന്നത് പൂർണമായിത്തീരും.

പലപ്പോഴും മറ്റുള്ളവരെ നമുക്ക് വിലയിരുത്തേണ്ടതായി വരും. പക്ഷേ അതു കരുണയോടെ ചെയ്യണം. അല്ലെങ്കിൽ മറ്റുള്ളവരെ അന്യായമായി വിധിക്കുന്നവരാകും നമ്മൾ. നമ്മുടെ വിധികളിൽ കരുണ കലർത്താൻ ശ്രമിക്കുകയാണ് വേണ്ടത്. നമ്മുടെ മുഖഭാവത്തിലും സംസാരരീതിയിലും പെരുമാറ്റത്തിലും അലിവിന്റെ ഭാവം കൊണ്ടുവരാൻ സാധിക്കും. എല്ലാവരെയും നമുക്ക് എപ്പോഴും സാമ്പത്തികമായി സഹായിക്കാൻ പറ്റണമെന്നില്ല. അപ്പോഴും നമുക്ക് സൗമനസ്യത്തോടെ ഇടപെടാൻ പറ്റും.

മറ്റുള്ളവർക്കുവേണ്ടി പ്രാർഥിക്കുന്നത് കാരുണ്യത്തിന്റെ വിലയേറിയ പ്രവൃത്തിയാണ്. പ്രത്യേകിച്ച്, കഠിന പാപികളുടെ മാനസാന്തരത്തിനുവേണ്ടി, തകർന്ന കുടുംബങ്ങൾക്കുവേണ്ടി, മരിച്ച വിശ്വാസികൾക്കുവേണ്ടി, സഭാശുശ്രൂഷകർക്കുവേണ്ടി, ലോകസുവിശേഷവത്കരണത്തിനുവേണ്ടി, എല്ലാ രോഗികൾക്കും വേണ്ടി പ്രാർഥിച്ച് മറ്റുള്ളവർക്ക് ദൈവകരുണ നാം ലഭ്യമാക്കണം.

മറ്റുള്ളവരോട് അലിവു കാണിച്ചാൽ അതൊരു നഷ്ടമോ തോൽവിയോ ആകുമോ? പകരം നമുക്കെന്ത് കിട്ടും? ഇത്തരം സംശയങ്ങൾ നമുക്കുണ്ടാകാം. കരുണയുടെ പ്രവൃത്തികൾ ചെയ്യുന്നവർക്ക് അനേകം അനുഗ്രഹങ്ങളാണ് കർത്താവ് കരുതിവച്ചിരിക്കുന്നത്. അതിന്റെ ഏറ്റവും വ്യക്തമായ വിവരണമാണ് ഏശയ്യായുടെ പുസ്തകത്തിലുള്ളത്. വിശക്കുന്നവന് ആഹാരം നൽകിയാൽ, വീടില്ലാത്തവനെ വീട്ടിൽ സ്വീകരിച്ചാൽ, നഗ്നനെ ഉടുപ്പിച്ചാൽ, സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരുന്നാൽ, പ്രവാചകൻ പറയുന്നു, "നിന്റെ പ്രഭാതം അതി വേഗം പൊട്ടിവിടരും; നീ വേഗം സുഖം പ്രാപിക്കും; നിന്റെ നീതി നിന്റെ മുൻപിലും കർത്താവിന്റെ മഹത്വം നിന്റെ പിൻപിലും നിന്നെ സംരക്ഷിക്കും. നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്നു ഉത്തരമരുളും.... കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധിയുണ്ടാകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചുവളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയുംപോലെയാകും നീ" (58:7-11). കർത്താവിൽ നിന്ന് ഈ ലോകത്തിൽ ഇതിൽപരം എന്ത് അനുഗ്രഹമാണ് നമുക്ക് കിട്ടാനുള്ളത്?

ദൈവത്തിൽനിന്ന് കൂടുതൽ കരുണ സ്വീകരിച്ചും മറ്റുള്ളവരോട് കാരുണ്യം കാണിച്ചും നമുക്ക് ഈ ക്രിസ്തുമസ്സ് അർഥപൂർണമാക്കാം. കാരുണ്യത്തിന്റെ വഴിയേ സഞ്ചരിക്കാത്തവർ ഒരിക്കലും പുൽക്കൂട്ടിലെ ഉണ്ണിയുടെ സമീപം എത്തുകയില്ല.

●





സി. ഡെൽഫി മരിയ CMC

# കുഞ്ഞുങ്ങളും ക്രിസ്തുമസും

ക്രിസ്തുമസ് കുഞ്ഞുങ്ങളുടെ ഉത്സവമാണ്. കാരണം ഒരു കുഞ്ഞു പിറന്ന ദിവസമാണ് ക്രിസ്തുമസ്. അതും സാധാരണ ഒരു കുഞ്ഞല്ല, എല്ലാ കുഞ്ഞുങ്ങൾക്കും ഇഷ്ടമുള്ള ഒരു കുഞ്ഞ്. അല്ലെങ്കിൽ എല്ലാ കുഞ്ഞുങ്ങളും ഇഷ്ടപ്പെടേണ്ട ഒരു കുഞ്ഞ്. ആ കുഞ്ഞിന്റെ പേരാണ് ഉണ്ണീശോ. ഈ ഉണ്ണീശോ ഭൂമിയുടെ ഉണ്ണീശോയാണ്, സ്വർഗ്ഗത്തിന്റെയും. അതുകൊണ്ട്, എല്ലാവർക്കും പ്രത്യേകിച്ച് കുഞ്ഞുങ്ങൾക്കും വളരെ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ഒരു ദിനമാണ് ക്രിസ്തുമസ്. കാരണം അത് കുഞ്ഞുങ്ങളുടെ ദിനമാണ്.

സാധാരണയായി കുഞ്ഞുങ്ങൾക്ക് മൃഗങ്ങളെയും ജീവജാലങ്ങളെയും വളരെ ഇഷ്ടമാണ്. വീട്ടിൽ വളർത്തുന്ന പൂച്ച, പശു, ആട്, തത്ത എന്നിങ്ങനെയുള്ള ഏതെല്ലാം മൃഗങ്ങളെയും ജീവികളെയും കണ്ടാലും കുഞ്ഞുങ്ങൾക്ക് വളരെ കൗതുകവും ഇഷ്ടവുമാണ്. മൃഗങ്ങളുടെ അടുത്ത് പോയിരിക്കുവാനും അതിനോട് സംസാരിക്കുവാനുമൊക്കെ അവർക്ക് വളരെ താല്പര്യമാണ്. കുഞ്ഞുങ്ങളുടെ സംഭാഷണവും അവരുടെ ചിരിയും സ്നേഹവുമെല്ലാം മൃഗങ്ങൾക്കും വളരെ ഇഷ്ടമാണ്. അവർക്ക് അത് പെട്ടെന്ന് മനസ്സിലാകുകയും ചെയ്യും. കുഞ്ഞുങ്ങളുടെ ഭാഷയും മൃഗങ്ങളുടെ ഭാഷയും തമ്മിൽ പരസ്പര ബന്ധമുണ്ട്. സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും കാരുണ്യത്തിന്റെയും ഭാഷയാണ്. മൃഗങ്ങൾ വസിക്കുന്നൊരു കാലിത്തൊഴുത്തിലാണ് ഉണ്ണീശോ ജനിച്ചത്. കാലിത്തൊഴുത്തിൽ മൃഗങ്ങളുടെ നടുവിലാണ് അവിടുന്ന് പിറന്നുവീണത് എന്നതു തന്നെ അവിടുത്തേക്ക് ഈ പ്രപഞ്ചത്തോടും, ഭൂമിയിലുള്ള സർവ്വ ജീവജാലങ്ങളോടും എന്തുമാത്രം സ്നേഹമുണ്ട് എന്ന് നമ്മെ പഠിപ്പിക്കുന്നു.

പാതിരാത്രിയുടെ നനുത്ത ഓർമ്മകളും പുൽക്കൂട് സമ്മാനിക്കുന്ന കുളിർമയുള്ള അനുഭവങ്ങളും കുട്ടിക്കാലത്തെ ക്രിസ്തുമസിന്റെ ജീവൻ നൽകുന്ന അനുസ്മരണങ്ങളാണ്. ഇന്നും മനസ്സുനിറയെ സൂക്ഷിക്കുന്ന ഒരനുഭവമാണ് ക്രിസ്തുമസ് ദിനത്തിലെ പാതിരാകുർബാന.

ക്രിസ്തുമസിലെ പാതിരാകുർബാനക്കുള്ള യാത്ര സത്യത്തിൽ ഒരു ആഘോഷം തന്നെയായിരുന്നു. നേരത്തെ എഴുന്നേൽക്കേണ്ടതു കൊണ്ട് പതിവിലും നേരത്തെ ഉറക്കമാരംഭിക്കും. പിന്നെ പിള്ളേരല്ലേ, കിടന്നുറങ്ങിക്കോട്ടെ എന്ന് കരുതി മാതാപിതാക്കളെ ഞാനും വിളിച്ചുണർത്താതിരുന്നാലോ എന്ന് ഭയപ്പെട്ടു ഇടയ്ക്കിടയ്ക്ക് ഞെട്ടിയുണർന്നും ചിലപ്പോൾ ഉറക്കം നടിച്ചു കിടന്നും സമയം തള്ളി നീക്കിയിട്ടുണ്ട്. രാത്രി 11 മണി ആകുമ്പോഴേക്കും ഒരുക്കം പൂർത്തിയാക്കി നടത്തമാരംഭിക്കും. ഏകദേശം ഒരു മണിക്കൂറോളമുണ്ട് പള്ളിയിലേക്കുള്ള ദൂരം. എങ്കിലും വയനാടിന്റെ മരം കോച്ചുന്ന തണുപ്പുള്ള രാത്രിയിൽ മൂടിപ്പുതച്ചുള്ള ആവേശകരമായ ആ പോക്ക് ഒരു ഉത്സവപ്രതീതി ജനിപ്പിക്കുന്നതായിരുന്നു. ചിലപ്പോൾ അയൽപക്കത്തെ ഒരു വണ്ടി ഉണ്ടാവും. അതിൽ ചുറ്റുപാടുമുള്ള പരമാവധി ആളുകളെയും കുത്തിനിറച്ചായിരിക്കും യാത്ര. ഒരു മടിയിൽ തന്നെ രണ്ടും മൂന്നും പേർ കാണുമെങ്കിലും ആർക്കും ഒരു പരാതിയുമില്ല. എങ്ങനെയെങ്കിലും പള്ളിയിലൊന്നെത്തിയാൽ മതിയെന്ന ചിന്തയാണ്.

പോകും വഴിയിലെ കാഴ്ചകളും ഹരം പിടിപ്പിക്കുന്നതാണ്. ഓരോ വീടിനു മുൻപിലും തൂങ്ങിക്കിടക്കുന്ന നക്ഷത്രങ്ങളുടെ എണ്ണവും വീടുകളുടെ അലങ്കാരവുമെല്ലാം ഓരോ ഭവനത്തിന്റെയും പ്രൗഢി വിളിച്ചറിയിക്കുന്നതായിരുന്നു. ആകാശത്തിൽ മിന്നി മറയുന്നതും തിളങ്ങി ശോഭിക്കുന്നതുമായ താരകങ്ങൾ മുതൽ വീടുകളിൽ വ്യത്യസ്ത വർണങ്ങളിൽ പ്രകാശിക്കുന്ന നക്ഷത്രങ്ങൾ വരെ കൗതുകം പകരുന്ന വിസ്മയ കാഴ്ചകളാണ് സമ്മാനിച്ചിരുന്നത്.

ദേവാലയത്തിലെ പിറവിയുടെ കർമ്മമാണ് കൗതുകം പകരുന്ന മറ്റൊരോർമ്മ. എല്ലാവരും പ്രദക്ഷിണമായി പുൽക്കൂടിനരികെയെത്തുന്നതും വികാരിയച്ചൻ സ്വരമുയർത്തി യേശുവിന്റെ ജനനത്തെ അറിയിച്ചുള്ള വചനഭാഗം വായിക്കുന്നതും തൽസമയം ആരോ മാലപ്പടക്കത്തിനു തീ കൊളുത്തുമ്പോൾ ഞെട്ടലോടെ അമ്മയുടെ സാരിത്തുമ്പിൽ ഒരു കൈകൊണ്ട് ഇറുക്കി

പിടിക്കുന്നതും മറുകൈകൊണ്ട് ഒരു ചെവി പൊത്തുന്നതും 'ഉണ്ണി പിറന്നു ബത്ലെഹേമിൽ' എന്ന ഗായക സംഘത്തിന്റെ ആലാപനത്തോടെ ഭയമെല്ലാം അപ്രത്യക്ഷമാകുന്നതും ഓരോ ക്രിസ്മസിലും ഓർത്തെടുക്കുന്ന കാര്യങ്ങളാണ്.

ചെറുപ്പകാലത്ത് ഏറെ ആവേശജനകമായ മറ്റൊരുകാര്യം 25 ദിവസത്തെ നോമ്പാചരണമാണ്. 25 ദിനങ്ങൾ മത്സ്യമാംസാദികൾ ഉപേക്ഷിച്ച് ത്യാഗമനുഷ്ഠിച്ച ശേഷം പാതിരാ കുർബാന കഴിഞ്ഞുവന്ന് ചൂടപ്പവും ചുട്ട് ഇറച്ചിക്കറിയും കൂട്ടിയൊരു തട്ടുണ്ട്. ആ പ്രഭാത ഭക്ഷണത്തിന്റെ രുചി വേറൊരു ദിവസവും കിട്ടുന്നതല്ല.

ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ഇടവകയിലെ സിസ്റ്റേഴ്സ് എഴുതിയുണ്ടാക്കിയ 25 ദിവസത്തെ സുകൃതാഭ്യാസനത്തിനും പ്രത്യേകതകളുണ്ട്. ഉണ്ണീശോയ്ക്ക് ഉടുപ്പും തൊപ്പിയും തലയണയും കിടക്കയുമെല്ലാം തയ്യാറാക്കിക്കൊണ്ടുള്ള ആ പുണ്യപരിശീലനം മധുരം പകരുന്ന ഓർമ്മകളിലൊന്നാണ്.

പാതിരാ കുർബാനയ്ക്ക് ദേവാലയത്തിലേക്ക് പോകുമ്പോഴും തിരിച്ചു വരുമ്പോഴും ഞാൻ ആകാശത്തേക്ക് നോക്കി ജ്ഞാനികൾക്ക് വഴി കാണിച്ചു കൊടുത്ത നക്ഷത്രം ഈ ആകാശത്തിലെവിടെയെങ്കിലും എനിക്ക് വഴി കാണിച്ചു തരുമോയെന്ന് ചിന്തിക്കുമായിരുന്നു. ചിലപ്പോഴെല്ലാം ഒരു നക്ഷത്രം ആകാശത്തിലൂടെ മിന്നൽവേഗത്തിൽ ഓടിപ്പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. അപ്പോൾ ഞാൻ എന്റെ മാതാപിതാക്കളോട് ചോദിച്ചിട്ടുണ്ട്, ജ്ഞാനികൾക്ക് മുൻപേപോയ നക്ഷത്രമാണോ അത് എന്ന്. ജ്ഞാനികൾക്ക് പ്രത്യക്ഷപ്പെട്ട അതേ നക്ഷത്രമായിരിക്കാം ഈ ആകാശത്തിലുള്ളതെന്നു തന്നെയായിരുന്നു എന്റെ ധാരണ. നക്ഷത്രങ്ങൾ വേഗത്തിൽ ചലിക്കുന്നതും ഓടിപ്പോകുന്നതുമെല്ലാം കാണാൻ പ്രത്യേകമായിട്ടുള്ള ഒരു സന്തോഷമായിരുന്നു. ആകാശത്തിലെ നക്ഷത്രങ്ങളിലേക്ക് നോക്കുമ്പോൾ ക്രിസ്തുവിന്റെ പുൽക്കൂട്ടിലേക്ക് വഴി കാണിക്കുന്ന കുഞ്ഞു നക്ഷത്രമായിത്തീരാനാണ് കർത്താവ് എന്നെ വിളിച്ചിരിക്കുന്നത് എന്ന വലിയൊരു ചിന്ത ആ നക്ഷത്രങ്ങൾ എന്നെ പഠിപ്പിച്ചു. മറ്റുള്ളവരെ പല വഴിയിലേക്ക് നയിക്കാൻ എനിക്ക് സാധിക്കും. ക്രിസ്തുവിന്റെ അടുത്തേക്ക് വഴി കാണിക്കുന്ന ഒരു കുഞ്ഞു നക്ഷത്രമായി കത്തിജ്വലിച്ചു നിൽക്കുക, അത് മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിച്ചു നീങ്ങുക അതാണ് ക്രിസ്മസ് നൽകുന്ന സന്ദേശം. ഉണ്ണി യേശുവിന്റെ അടുത്തേക്ക് ആട്ടിടയരെ എത്തിച്ചശേഷം പിന്നെ ആ നക്ഷത്രം അപ്രത്യക്ഷമായതുപോലെ ക്രിസ്തുവിലേക്ക് ആളുകളെ എത്തിച്ചു കഴിയുമ്പോൾ പിന്നീട് വേറൊരു സ്ഥലത്ത് വീണ്ടും നക്ഷത്രമായിത്തീരുക, അവിടെയുള്ള വ്യക്തികൾക്ക് യേശുവിനെ കാണിച്ചുകൊടുക്കുക, അങ്ങനെ എല്ലാ മക്കളും ക്രിസ്തുവിലേക്ക് നടന്നടുക്കുന്നതിന് സഹായകമായിത്തീരുക എന്നതാണ് ക്രിസ്തു എന്നിൽ നിന്നും ആഗ്രഹിക്കുന്ന ദൗത്യം. ഉണ്ണീശോയുടെ കയ്യിലെ കളിപ്പന്തായിത്തീരാൻ ആഗ്രഹിച്ച വി. കൊച്ചുത്രേസ്യായെപ്പോലെയും ഉണ്ണീശോയുടെ കളിക്കൂട്ടുകാരിയായിത്തീർന്ന ലീമായിലെ വി. റോസിനെപ്പോലെയും ഈയൊരു ദൗത്യം കുഞ്ഞുങ്ങൾക്കാവുംവിധം നിർവ്വഹിക്കാൻ കഴിയട്ടെയെന്നും നല്ലൊരു ക്രിസ്തുമസ് എല്ലാ കുഞ്ഞുങ്ങൾക്കും ലഭിക്കട്ടെയെന്നും ആഗ്രഹിക്കുന്നു, പ്രാർഥിക്കുന്നു.

# ചോദ്യം?



അലക്സ് ആന്റെണി CFIC



ചില ചോദ്യങ്ങൾ അങ്ങനെയാണ് വല്ലാതെ അങ്ങ് ആഴ്ന്നിറങ്ങി മനസിനെ കുത്തി നോവിച്ചു ഉത്തരസൂചിക വരെ എത്തിക്കും... അതുകൊണ്ടാവാം മുപ്പത്തിമൂന്നുകാരൻ തച്ചൻ ചോദിച്ച ചോദ്യത്തിനായുള്ള ഓട്ടം ഇന്നും തുടരുന്നത്. നല്ലൊരു ചോദ്യകർത്താവിന്റ നല്ലൊരു ചോദ്യം മതി ജീവിതം മാറി മറിയാൻ... പലരും തമാശരൂപേണ ചോദിച്ച ചോദ്യങ്ങൾ പോലും ഇന്ന് മനസ്സിന്റെ ഏതോ കോണിൽ വിങ്ങലായി നിൽക്കുന്നു... ചുവന്ന തൊപ്പിയും പട്ടു വസ്ത്രവും അധികാരവും സ്വപ്നം കണ്ടു നടന്ന ഫ്രാൻസിസ് എന്ന പയ്യനെ ആത്മാവു നശിച്ചാൽ എന്ത് പ്രയോജനം എന്ന ഒറ്റ ചോദ്യമാണ് ആത്മാക്കളെ തരിക മറ്റെല്ലാം എടുത്തുകൊള്ളുക എന്ന് പറഞ്ഞ വിശുദ്ധ ഫ്രാൻസിസ് സേവ്യർ ആക്കി മാറ്റിയത്. ചോദ്യങ്ങൾ ചോദിക്കുന്നവരാകാം... ചോദ്യങ്ങൾക്ക് തെളിവ് കുറവെങ്കിൽ വിശുദ്ധഗ്രന്ഥം തുറക്കുക, ചോദ്യങ്ങൾ അല്ലാതെ മറ്റെന്താണ് അതിലുള്ളത്?

# ഹേറോദേസ് ഇനിയും മരിച്ചിട്ടില്ല



മാർട്ടിൻ ജോയ് തേക്കാനത്ത് CFIC

ആനന്ദിക്കുവിൻ, ക്രിസ്തുവിന്റെ ജനനത്തിന്റെ ഓർമ്മയിൽ ആഘോഷിക്കുവിൻ. പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണവും പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ ഉദാത്തമായ പ്രകടനവുമാണ് ബത്‌ലഹേമിലെ പുൽതൊഴുത്തിൽ നാം കാണുക. അതുകൊണ്ടുതന്നെ സ്വർഗീയമായ ആനന്ദത്തിന്റെ അവസരമാണ് ക്രിസ്തുമസ്. മാലാഖമാരുടെ ഗ്ലോറിയ ഗീതവും, ആട്ടിടയന്മാരുടെയും രാജാക്കന്മാരുടെയും സന്ദർശനവുമെല്ലാം ഈ സ്വർഗീയ ആനന്ദത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ രക്ഷകന്റെ വരവിലുള്ള ഈ ആനന്ദം അധികം നീണ്ടു നിൽക്കുന്നില്ല എന്നതാണ് വാസ്തവം. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ ജനനത്തിന് ശേഷം നടക്കുന്ന രണ്ട് പ്രധാന സംഭവങ്ങളാണ് അതിനുള്ള കാരണം- ഈജിപ്തിലേക്കുള്ള പലായനവും കുഞ്ഞിപൈതങ്ങളുടെ കൂട്ടക്കൊലയും. ഈ രണ്ടു സംഭവങ്ങളും ദുഃഖം നിറഞ്ഞതാണെങ്കിലും കുഞ്ഞിപൈതങ്ങളുടെ കൊലപാതകം അതീവ സങ്കടകരമാകുന്നു. ഈ ദുഃഖത്തിന്റ തീവ്രത സൂചിപ്പിക്കുന്നതാണ് മത്തായി സുവിശേഷകൻ ഉദ്ധരിക്കുന്ന ജറെമിയ പ്രവാചകന്റെ വാക്കുകൾ– ‘റാമായിൽ ഒരു സ്വരം, വലിയ കരച്ചിലും മുറവിളിയും റാഹേൽസന്താനങ്ങളെക്കുറിച്ച് കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ അവൾക്ക് സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു’ (മത്താ 2,18). മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഈ സംഭവം വളരെ ആനുകാലികമായ സന്ദേശമാണ് നമുക്ക് നൽകുന്നത്. ഈ സന്ദേശം ഗ്രഹിക്കണമെങ്കിൽ ആ സുവിശേഷം ഭാഗം (2:16–18) അല്പം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു രാജാവിനെ ഇല്ലാതാക്കാൻ മറ്റൊരു രാജാവിന്റെ ഉത്തരവുപ്രകാരമാണ് കൂട്ടകൊല അരങ്ങേറിയത്. ഉത്തരവിറക്കിയത് ഹേറോദേസ് രാജാവും ഇല്ലാതാക്കപ്പെടേണ്ടത് യേശുവും ആയിരുന്നു. ജ്ഞാനികളുടെ വരവിൽ നിന്നും യഹൂദരുടെ രാജാവായി മാറാൻ ഒരു ശിശു പിറന്നിരിക്കുന്നു എന്ന് മനസ്സിലാക്കുന്ന ഹേറോദേസ് ആദ്യം അസ്വസ്ഥനാകുകയും, പിന്നീട് ജ്ഞാനികൾ തന്നെ കബിളിപ്പിച്ചെന്ന് തിരിച്ചറിയുമ്പോൾ രോഷാകുലനാവുകയും അതിന്റെ ഫലമായി ബത്‌ലഹേമിലേയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും വധിക്കുകയും ചെയ്യുന്നു.

ചരിത്രപരമായി പരിശോധിച്ചാൽ വളരെ ക്രൂരനായ ഒരു രാജാവായിരുന്നു ഹേറോദേസ് എന്ന് നിസ്സംശയം മനസ്സിലാക്കാനാകും. തന്റെ അധികാരം നിലനിർത്താൻ വേണ്ടി കൂടപ്പിറപ്പുകളെ പോലും കൊല്ലാൻ മടിയില്ലാതിരുന്ന നീചനായ രാജാവായിരുന്നു ഹേറോദേസ്. അതുകൊണ്ട്തന്നെ തന്റെ സിംഹാസനത്തിന് ഭാവിയിൽ ഒരു വെല്ലുവിളിയാകാൻ സാധ്യതയുള്ള ശിശുവിനെ ഇല്ലാതാക്കുക അയാളുടെ അത്യാവശ്യമാണ്, അതിനു വേണ്ടി ഒരു കൂട്ടം ശിശുക്കളെ വധിക്കാൻ പോലും അയാൾ തയ്യാറാകുന്നു.

എന്തായിരുന്നു ഹേറോദേസിന് പറ്റിയ തെറ്റ്? സത്യത്തെ തിരിച്ചറിയാൻ ആയില്ല. യഹൂദർക്കായി ഒരു രാജാവ് പിറന്നിരിക്കുന്നു എന്ന് കേട്ടതേ അസ്വസ്ഥനാകുന്ന ഹെറോദേസിനെയാണ് നാം സുവിശേഷത്തിൽ കാണുന്നത്. സത്യം തിരിച്ചറിയാൻ കഴിയാതെ പോയതാണ് ആ അസ്വസ്ഥതയ്ക്ക് കാരണം. പിറവിയെടുത്തിരിക്കുന്ന ആ പുതിയ രാജാവിനെക്കുറിച്ചുള്ള സത്യം സദുദ്ദേശത്തോടെ മനസ്സിലാക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ അയാൾ അവിടെയുള്ള ശിശുക്കളെ മുഴുവൻ വധിക്കില്ലായിരുന്നു, മറിച്ച് മറ്റു മൂന്നു രാജാക്കന്മാരെപോലെ യേശുവിനെ കണ്ടെത്താനും ആരാധിക്കുവാനും സമ്മാനങ്ങൾ നൽകുവാനും അയാൾക്കും സാധിച്ചേനെ. കാരണം യേശുവിന്റെ രാജ്യത്വം ഐഹികമല്ല എന്ന് അവിടന്ന്തന്നെ യോഹന്നാന്റെ സുവിശേഷം 18:36–ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി സത്യം എന്തെന്ന് മനസ്സിലാക്കാൻ ശ്രമിക്കാതെ സത്യത്തെ ഇല്ലാതാക്കാൻ ശ്രമിച്ചതാണ് ഹെറോദേസ് ചെയ്ത വലിയ തെറ്റ്. അതിന്റെ പരിണിതഫലം കുഞ്ഞിപൈതങ്ങളുടെ കൂട്ടക്കൊലയായിരുന്നു.




ഇപ്രകാരമാണെങ്കിൽ, ഹേറദോസ് മരിച്ചിട്ടില്ല. അയാൾ ഇന്നും ജീവിക്കുന്നു– സത്യത്തെ തിരിച്ചറിയാൻ ശ്രമിക്കാത്തവരിൽ, സത്യത്തെ സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുന്നവരിൽ, മറ്റൊരാളുടെ വരവ് എന്റെ ജീവിത ലക്ഷ്യങ്ങൾ ഇല്ലായ്മ ചെയ്യുമെന്ന് ചിന്തിക്കുന്നവരിൽ... രാജ്യം ഭരിക്കുന്ന വരിൽ തുടങ്ങി ഏറ്റവും താഴെക്കിടയിൽ ജീവിക്കുന്നവരിൽവരെ നമുക്ക് ഇപ്രകാരമുള്ള ഹേറോദേസ്മാരെ കണ്ടെത്താനാകും.

ഏതാനും മാസങ്ങൾക്കു മുൻപ് റിലീസ് ചെയ്യപ്പെട്ടതും അത്യാവശ്യം ചർച്ച ചെയ്യപ്പെട്ടതുമായ മലയാള സിനിമയാണ് സാറാസ് (Saras). Accidental Pregenency, Career, Abortion എന്നിവയൊക്കെയാണ് സിനിമ മുന്നോട്ടുവയ്ക്കുന്ന വിഷയങ്ങൾ. കുട്ടികളുണ്ടാകുന്നതിനോട് താൽപര്യമില്ലാത്ത സിനിമ സംവിധായികയായ സാറാ തന്റെ ആദ്യ സിനിമയുമായുള്ള ചർച്ചകൾക്കിടെ സ്വന്തം ചേച്ചിയുടെ കുട്ടികളെ നോക്കി അവരിൽ താൽപര്യം നഷ്ടപ്പെട്ടു തുടങ്ങിയ ജീവനുമായി പ്രണയത്തിലാകുന്നതും, വിവാഹം കഴിക്കുന്നതും, സിനിമയുടെ പണികൾ പുരോഗമിക്കുന്നതിനിടക്ക് 'യാദൃശ്ചികമായി' പ്രഗ്നന്റ് ആകുന്നതും അവസാനം സാറാ 'യാദൃശ്ചികമായ'തിനെ ഒഴിവാക്കി നിശ്ചയിച്ചുറപ്പിച്ച തന്റെ സിനിമ കരിയറിൽ വിജയിക്കുന്നതുമാണ് സിനിമയുടെ ഇതിവൃത്തം. ഇവിടെ സാറയ്ക്ക് പഴയനിയമത്തിലെ അബ്രാഹത്തിന്റെ ഭാര്യയായ സാറായുടെ (സാറ എന്ന പേര് അപ്രകാരമുള്ള ഒരു ധ്വനി നൽകുന്നുണ്ടെങ്കിലും) ഛായയാണെന്ന് പറയുക സാധ്യമല്ല. ഒരു കുഞ്ഞിനു വേണ്ടി കാത്തിരുന്നവളാണ് ആ സാറാ. എന്നാൽ ഇവിടെ സിനിമയിലെ സാറയ്ക്ക് ഛായ കൂടുതൽ ഹേറോദേസിനോടാണ് എന്ന് പറയാതെ വയ്യ. മാത്രമല്ല സാറായിൽ ഹേറോദേസ് ഒരുപടികൂടി വളർന്നിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. അന്ന്, തന്റെ സിംഹാസനം ഉറപ്പിക്കുവാൻ അയാൾക്ക് വധിക്കേണ്ടി വന്നത് കുട്ടികളെ ആണെങ്കിൽ, ഇന്ന് സാറായ്ക്ക് തന്റെ കരിയറിൽ വിജയിക്കുവാൻ വധിക്കേണ്ടി വന്നത് ഗർഭസ്ഥശിശുവിനെയാണ്. അന്ന് ഹേറോദേസ് വധിച്ചത് മറ്റുള്ളവരുടെ മക്കളെയാണെങ്കിൽ ഇന്ന് സാറാ വധിച്ചത് സ്വന്തം മകനെയോ മകളെയോ ആണ്. അന്ന് ഹേറോദേസ് വധിച്ച ശിശുക്കൾക്ക് വേണ്ടി പോരാടാൻ/കരയാൻ അവരുടെ അമ്മമാരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ, ഇന്ന് സാറായുടെ വയറ്റിൽ കൊലചെയ്യപ്പെട്ട ആ കുഞ്ഞിനുവേണ്ടി പോരാടാൻ/കരയാൻ ആരുമുണ്ടായിരുന്നില്ല. അന്ന് ആ കൂട്ടക്കൊലയ്ക്ക് കാരണം യേശുവിനെക്കുറിച്ചുള്ള സത്യം മനസ്സിലാക്കാൻ കഴിയാത്തതായിരുന്നുവെങ്കിൽ ഇന്ന് സാറായുടെ പ്രവർത്തിക്ക് കാരണം ഒരു ജീവനെ കുറിച്ചുള്ള സത്യം മനസ്സിലാക്കാൻ കഴിയാത്തതാണ്. സാറായിൽ ഹേറോദേസ് ഇന്നും ജീവിക്കുന്നു. 'സാറാസ്' ഒരു ഉദാഹരണം മാത്രമാണ്. സമൂഹത്തിൽ ഇപ്രകാരമുള്ള ഒത്തിരി പേരെ നമുക്ക് കണ്ടെത്താനാകും. തന്റെ അധികാരം നിലനിർത്തുവാൻ അക്രമത്തിന് ഉത്തരവിടുന്ന നാട് ഭരിക്കുന്നവരും, കുഞ്ഞുങ്ങളെ ഉപേക്ഷിക്കുന്ന മാതാപിതാക്കന്മാരും, മാതാപിതാക്കന്മാരെ ഉപേക്ഷിക്കുന്ന മക്കളുമെല്ലാം ഹേറോദേസുമാരുടെ ഗണത്തിൽ പെടുന്നവരാണ്. ഇങ്ങനെയുള്ളവർ ഒരിക്കലും സമാധാനമായിരിക്കില്ല സൃഷ്ടിക്കുക മറിച്ച് അക്രമം ആയിരിക്കും.

കുഞ്ഞിപൈതങ്ങളുടെ ഓർമ്മ നമ്മോട് ആവശ്യപ്പെടുന്നത് നമ്മളിൽ ആരിലെങ്കിലും ഹേറോദേസ് ജീവിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാണ്. അങ്ങനെയുണ്ടെങ്കിൽ ഹേറോദേസിൽ നിന്നും ജ്ഞാനികളായ രാജാക്കന്മാരിലേക്ക് പരിവർത്തനം ചെയ്യപ്പെടേണ്ടത് അത്യാവശ്യമാണ്. അപ്രകാരം ഒരു പരിവർത്തനത്തിന് സത്യത്തെ പുൽകുവാൻ ഉള്ള ഒരു ഇച്ഛാശക്തി കൈവരിക്കേണ്ടിയിരിക്കുന്നു. അതിന് ദൈവത്തോട് ചേർന്ന് നിൽക്കേണ്ടതുണ്ട്. കാരണം ദൈവമാണ് സത്യം. ഈ ഇച്ഛാശക്തി നഷ്ടമാകുമ്പോഴാണ് സമൂഹത്തിൽ ഹേറോദേസുമാർ ഉയിർപ്പിക്കപ്പെടുന്നത്.

# അയയ്ക്കപ്പെടാൻ വിളിയ്ക്കപ്പെട്ടവൻ



**ചാന്ദാ രൂപതാ മെത്രാൻ മാർ എഫ്രേം നരികുളവുമായി ബ്രദർ ജോസഫ് നെടുംകല്ലേൽ നടത്തിയ അഭിമുഖം.**

• അങ്ങയുടെ രാജ്യം വരണമേ-Thy kingdom come എന്ന ആപ്തവാക്യമാണല്ലോ മെത്രാഭിഷേക സമയത്ത് പിതാവ് സ്വീകരിച്ചത്. എന്താണിതിന് കാരണം?

ഓരോ മിഷനറിയുടെയും ആത്യന്തികമായ ദൗത്യം ഭൂമിയിൽ സ്വർഗരാജ്യം സ്ഥാപിക്കുക എന്നതാണ്. സത്യം, നീതി, സ്നേഹം, സമാധാനം എന്നീ പുണ്യങ്ങൾ സ്വർഗരാജ്യത്തിന്റെ സവിശേഷമായ അടയാളമാണല്ലോ (മത്താ 23,23).ഈ പുണ്യങ്ങളിൽ അടിയുറച്ച വിശ്വാസജീവിതം സ്ഥാപിക്കുക എന്നതാണ് മിഷൻ പ്രവർത്തനങ്ങളുടെ ഉദ്ദേശം. കർത്താവായ യേശു ഭൂമിയിൽ ആയിരുന്നത് സത്യത്തിനും നീതിക്കും സ്നേഹത്തിനും സാക്ഷ്യം വഹിക്കാനായിരുന്നു. ഇതേ ലക്ഷ്യങ്ങളായിരിക്കണം നമ്മുടെ മിഷൻപ്രവർത്തനത്തിന്റെയും അടിസ്ഥാനം. ദൈവരാജ്യത്തെ അനുഭവവേദ്യമാക്കുന്ന മിഷൻപ്രവർത്തനങ്ങളിൽ പങ്കുകാരാകാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നവരാണ് നമ്മൾ.

• മിഷൻ പ്രവർത്തനങ്ങൾക്ക് ചെറിയരീതിയിലെങ്കിലും അപചയം സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു മിഷൻ രൂപതാമെത്രാനെന്ന നിലയിൽ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധ്യം എന്താണ്?

നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുകയും ചെയ്യുകയെന്ന യേശുനാഥന്റെ ആഹ്വാനമാണ് ഓരോ ക്രൈസ്തവനും സ്വീകരിക്കുന്നത് (മർക്കോ16,15).

ക്രിസ്ത്യാനിയെന്നാൽ മിഷനറിയെന്നു തന്നെയാണർഥം. അയക്കപ്പെടുന്നവനാണ് മിഷനറി. വചനം സ്വീകരിച്ച് അതിന് സാക്ഷ്യം നല്കുവാനാണ് നാം അയക്കപ്പെട്ടിരിക്കുന്നത്. അവിടത്തോടുകൂടി ആയിരിക്കുക, അയക്കപ്പെടുക, പിശാചിനെ ബഹിഷ്കരിക്കുക എന്നിവയാണ് ഓരോ മിഷനറിയുടേയും ദൗത്യങ്ങൾ (മത്താ 10,1). ആയിരിക്കുന്ന ജീവിതാവസ്ഥയിൽ ഈ ദൗത്യത്തിന് സാക്ഷ്യം വഹിക്കേണ്ടവരാണ് നമ്മൾ. മുൻവിധികളോടുകൂടിയാണ് നാം മിഷൻ പ്രവർത്തനങ്ങളെ വീക്ഷിക്കുന്നതെങ്കിൽ ദൗത്യനിർവ്വഹണം പരാജയമായിരിക്കും. വിളിക്കപ്പെട്ടവൻ അയക്കപ്പെടുന്നതാണ് മിഷൻ പ്രവർത്തനങ്ങളിൽ സംഭവിക്കുന്നത്.

• പ്രതികരണശേഷിയുള്ള ഒരു സമൂഹമാണ് ഇപ്പോഴുള്ളത്. സഭയുടെ പ്രബോധനങ്ങൾക്ക് അനുകൂലമായും പ്രതികൂലമായും ഇവർ പ്രതികരിക്കുന്നത് നമ്മൾ കാണുകയും ചെയ്യുന്നു. പിതാവ് ഇതിനെ എങ്ങനെ വിലയിരുത്തുന്നു?

പ്രതികരണശേഷി എപ്പോഴും Dialogue ആണ്. വിവിധ രീതിയിൽ പ്രതികരിക്കുന്നവരുണ്ട്. സഭ പ്രധാനമായും സംവാദത്തിൽ ഏർപ്പെടേണ്ടത് സഭയുമായി ഒരു തരത്തിലുള്ള Constructive Criticism നടത്തുന്നവരുമായിട്ടാണ്. ഈ പ്രതികരണങ്ങളോട് സഭ ക്രിയാത്മകമായി പ്രതികരിക്കുന്നു. അപ്പോൾ യഥാർഥത്തിലുള്ള Dialogue ഉണ്ടാകുന്നു. വിശ്വാസപരവും ധാർമ്മികപരവുമായ കാര്യങ്ങളിൽ സഭക്ക് വ്യക്തമായ അഭിപ്രായമുണ്ട്. ഇത് അനേകനാളുകളായുള്ള പഠനത്തിന്റെയും പ്രാർഥനയുടേയും വിചിന്തനത്തിന്റെയും ആകെത്തുകയാണ്. ഈ പഠനങ്ങളിൽ സഭ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ സ്വീകരിക്കുന്നു. പക്ഷേ അടിസ്ഥാനപരമായി യാതൊരു മാറ്റവും സഭ വരുത്തുന്നില്ല.

• സഭാനേതൃത്വത്തിന്റെ ചില അഭിപ്രായങ്ങളെങ്കിലും ഇന്ന് വിമർശനത്തിന് വിധേയമാകുന്നുണ്ട്. സമകാലിക ചർച്ചകൾ ഇതിന് തെളിവാണ്. നാളുകളായി നടക്കുന്ന അഭയാർഥി പ്രശ്നങ്ങളും ഇന്ന് ചർച്ചക്ക് വിധേയമാകുന്നു. ഇതിൽ പിതാവിന്റെ നിലപാട് വ്യക്തമാക്കാമോ?

സമൂഹം ഇന്ന് ചർച്ചചെയ്യുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് അഭയാർഥികളുടെ പലായനം; പ്രത്യകിച്ചും യൂറോപ്പിലേക്കുള്ള പലായനം. അഭയാർഥികളെ കരുണയോടെ സ്വീകരിക്കേണ്ടവരാണ് നമ്മൾ. നല്ല സമറിയക്കാരന്റെ ഉപമയിലൂടെ യേശു പഠിപ്പിച്ചതും ഇതേ



കരുണയാണല്ലോ. പരിശുദ്ധ പിതാവ് ഈ പഠനങ്ങളെ പ്രാവർത്തികമാക്കുകയേ ചെയ്തിട്ടുള്ളൂ. പാലാ രൂപതാ മെത്രാൻ പറഞ്ഞ ചില പ്രസ്താവനകളെ പ്രതികൂലമായി നിർവചിക്കുകയാണ് ചെയ്തത്. സഹായമർഹിക്കുന്ന കുടുംബങ്ങൾക്ക് അത്താണിയായും കൂടുതൽ മക്കളുള്ള കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ടുകളിൽ അവർക്ക് കൈത്താങ്ങുമായി കൂടെയുണ്ടാകും എന്ന് മാത്രമേ രൂപത പറഞ്ഞിട്ടുള്ളൂ. മാധ്യമങ്ങൾ ഇതിനെ ദുർവ്യാഖ്യാനം ചെയ്യുകയായിരുന്നു.

• സഭയ്ക്കുള്ളിൽ പല പ്രതിസന്ധികളുണ്ട്. പൗരോഹിത്യ സന്ന്യാസ ദൈവവിളി സ്വീകരിച്ചവരുടെ ജീവിതത്തിലെ പൊരുത്തക്കേടുകൾ, വിളിയിലുണ്ടാകുന്ന ഉപേക്ഷ അങ്ങനെ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ...ഈ പ്രതിസന്ധികളെ എങ്ങനെ മറികടക്കുവാൻ സാധിക്കും?

ദൈവവിളിസ്വീകരിച്ചവർ തങ്ങളുടെ വിളിയെക്കുറിച്ച് ബോധവാന്മാരാണെങ്കിൽ ഒരു പ്രതിസന്ധിയും ഉണ്ടാകില്ല. വിളിയുടെ കാതലായ ഭാഗം ഉപേക്ഷിക്കലാണ്. "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ എല്ലാം ഉപേക്ഷിച്ച് എന്നെ അനുഗമിക്കട്ടെ". ഈ ബോധ്യം ഉള്ളവന് വലിയ പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല. ദൈവത്തിന്റെ പദ്ധതിയോട് പ്രതികരിക്കുമ്പോൾ മാത്രമാണ് എന്റെ ദൈവവിളി പൂർത്തിയാകുന്നത്. പൂർണമനസ്സോടു കൂടിവേണം നാം ദൈവവിളിയെ സ്വീകരിക്കേണ്ടത്. എന്റെ സുഖത്തിനും മഹത്വത്തിനും വേണ്ടിയല്ല. മറിച്ച് അപരന്റെ നൻമക്കും സഭയുടെ മഹത്വത്തിനും വേണ്ടിയാണ്. അസൗകര്യങ്ങളിൽപോലും മറ്റുള്ളവരെ സഹായിക്കാനല്ലേ യേശു നമ്മെ പഠിപ്പിച്ചത്.

• മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന ചില പ്രവൃത്തികളിൽ ഒന്നുമാത്രമാണ് ചലച്ചിത്രങ്ങൾക്ക് നൽകുന്ന പേരുകൾ. കൂടാതെ മതവും രാഷ്ട്രീയവും ചിലർ കൂട്ടിക്കുഴക്കുന്നു. ഇതിൽ പിതാവിന്റെ കാഴ്ചപ്പാട് എന്താണ്?

മറ്റുള്ളവരുടെ വികാരങ്ങളെ മുറിവേൽപ്പിക്കാതിരിക്കുക എന്നുള്ളത് വലിയ ഒരു ത്യാഗമാണ്. സത്യത്തിലും സ്നേഹത്തിലും സമാധാനത്തിലും ഭൂമിയെ രൂപപ്പെടുത്തുക എന്നുള്ളതായിരിക്കണം നമ്മുടെ ആത്യന്തിക ലക്ഷ്യം. ഏറ്റവും ഉചിതമായ സന്ദേശം നൽകുന്ന ഉപാധിയായി മാധ്യമങ്ങളെ മാറ്റിയെടുക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്.

• യുദ്ധവും തീവ്രവാദവും ഭീകരപ്രവർത്തനങ്ങളുമായി തീർത്തും കലുഷിതമായ ലോകത്തിലാണ് നാം ജീവിക്കുന്നത്. ക്രിസ്തുമസ് ആഘോഷിക്കാൻ ഒരുങ്ങുമ്പോൾ പിതാവ് നൽകാൻ ആഗ്രഹിക്കുന്ന സന്ദേശം എന്താണ്?

സമാധാനമാണല്ലോ ക്രിസ്തുമസ് നൽകുന്ന എറ്റവും വലിയ സന്ദേശം. ക്രിസ്തുമസിനെ സമാധാനത്തിൽ മാത്രം ഒതുക്കി നിർത്തുവാൻ സാധിക്കില്ല. അതിലും വലിയ സന്ദേശം ക്രിസ്തുമസ് നൽകുന്നുണ്ട്. അത് ഒരു പ്രത്യേക സമയത്ത് മാത്രം ഒതുങ്ങിനില്ക്കുന്നതല്ല. ദൈവം മനുഷ്യനായി അവതരിച്ച ഈ തിരുനാളിന്റെ പൂർണത പരിശുദ്ധ കുർബാനയിലാണ്. ഈ രക്ഷയിലേക്കാണ് നമ്മൾ കടന്നുചെല്ലേണ്ടത്. പക്ഷേ മനുഷ്യന്റെ സ്വാർഥത ഇതിന് തടസ്സമാണ്. ദൈവം സ്വാർഥനായിരുന്നുവെങ്കിൽ മനുഷ്യന് രക്ഷ കൈവരുമായിരുന്നില്ല. ദൈവം കാണിച്ചുതന്ന സ്വയം ശൂന്യവത്ക്കരണം (ഫിലി 2,6). സമൂഹത്തിൽ ഇന്ന് നടക്കുന്നില്ല. അത് ഒത്തിരിയേറേ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ഗോതമ്പ്മണി നിലത്ത് വീണ് അഴിഞ്ഞെങ്കിൽ മാത്രമേ മറ്റുള്ളവർക്ക് ഫലമായി മാറൂഎന്ന് യോഹന്നാൻ സുവിശേഷകൻ പറയുന്നത് ഈ അർഥത്തിലാണ്(യോഹ 12,24). അടിസ്ഥാന പരമായി മനുഷ്യൻ സ്വാർഥനാണ്. ഈ സ്വാർഥത കൈവെടിയുമ്പോൾ മാത്രമേ നമുക്ക് ദൈവത്തെ അനുഗമിക്കാൻ സാധിക്കുകയുള്ളൂ.

# ചിൽഡ്രൻസ് മിഷൻ



ജോസഫ് കെ.എ. CFIC

പണം കൊടുത്താൽ ലഭിക്കാത്തില്ലാത്തത് എന്നാ ഉണ്ടെടാ ഉവ്വേ? എന്ന ചോദ്യത്തിന് ഒരു ഉത്തരമുണ്ട് അതാണ് അറിവ്. സൂപ്പർ മാർക്കറ്റിൽ പായ്ക്കറ്റിൽ അറിവ് കിട്ടുന്ന കാലഘട്ടത്തെക്കുറിച്ച് ആരും ചിന്തിക്കില്ല കാരണം, It's impossible. അറിവിനെ ആധുനിക കണ്ടെത്തലുമായും internet source ഉം ആക്കി ചുമ്മാതങ്ങ് ബന്ധിപ്പിച്ച്, നിർവ്വചിച്ച് അതിന്റെ വില കളയല്ലേ എന്ന പ്രാർഥനയോടെ പറയട്ടെ. അതല്ല അറിവ്. പണമുണ്ടെങ്കിൽ സുരക്ഷയുണ്ടാക്കാം, ഒരുപക്ഷേ ജീവൻപോലും തൽക്കാലത്തേക്ക് പിടിച്ചുനിർത്താം. എന്നാൽ ജ്ഞാനം ഉണ്ടാവില്ല. വചനത്തിലെ ക്രിസ്തുവിനെ നാം ഇങ്ങനെ കാണുന്നു, അവൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു. അങ്ങനെയെങ്കിൽ ആ ജ്ഞാനത്തിനും പ്രായത്തിനും കുറച്ച് പ്രത്യേകതകളുണ്ട്, അത് അവനിൽ നിന്ന് കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ ക്രിസ്തുമത സാന്നിദ്ധ്യം നേടിക്കൊടുത്ത വിദ്യാഭ്യാസ സാധ്യതകൾ വിസ്മരിക്കാനാവില്ല, ചരിത്രം സാക്ഷി. കേരളത്തിലേക്ക് കടന്നു വരുമ്പോഴാകട്ടെ, നീണ്ട കാലത്തെ തീണ്ടലുകൾക്കപ്പുറം വിപ്ലവാത്മകമായ ഒരു മുന്നേറ്റമായിരുന്നു 1856-ൽ ആർച്ച് ബിഷപ്പ് ബെർഡിൻ ബച്ചിനെല്ലി പുറപ്പെടുവിച്ച 'പള്ളിക്കൊപ്പം പള്ളിക്കൂടം' പ്രേഷിതമാതൃക. അത് എത്രമാത്രം തീക്ഷ്ണതയുള്ളതെന്ന് കാലം തെളിയിച്ചുകൊണ്ടേയിരിക്കുന്നു. വിദ്യയെന്നത് ഒരു അവകാശമായി കണ്ട് ദാരിദ്ര്യത്തിന്റെയും, ദുരിതത്തിന്റെയും കഷ്ടപ്പാടിന്റെയും ഇല്ലായ്മകളെ വെല്ലുവിളിച്ച് സ്കൂൾ മുറ്റത്തേക്ക് കടന്നുപോയവർക്ക് മുമ്പിൽ ദൈവം ജ്ഞാനം/അറിവ് നിക്ഷേപിച്ചു എന്നുവേണം കരുതാൻ. ഇന്നു കാണുന്ന ഈ പത്രാസും നല്ല വിദ്യാഭ്യാസം നേടിയെടുത്തപ്പോൾ ഉണ്ടായ പ്രതിഫലനമാണ്. സാമൂഹിക പുരോഗതി, സാംസ്കാരിക ഉന്നമനം, വ്യക്തിവികസനം, എന്തിന്, നല്ല ഒരു നേട്ടം പോലും സിദ്ധിച്ചത്, വിദ്യാഭ്യാസത്തിന്റെ ആവശ്യകത നിലനിർത്തുന്നു. അല്ലെങ്കിൽ കൂടുതൽ ആവശ്യമുള്ളതാക്കുന്നു.

ദാരിദ്ര്യത്തിന്റെ കുടിലിൽ നിന്നും, ആർഭാടത്തിന്റെ മതിൽകെട്ടിൽനിന്നും പള്ളിക്കൂടമുറ്റത്തെത്തുന്ന കുട്ടിക്ക് പകർന്നു കിട്ടുന്നത് ഒരേ അറിവാണ്. അത് നിറത്തിന്റെയോ, ഇല്ലായ്മയുടേയോ ഏറ്റക്കുറച്ചിലുകൾ അനുസരിച്ചല്ല; ആവരുത്. കാലം നല്ല കുറേ ഓർമ്മകൾ അവശേഷിപ്പിച്ചിട്ടുണ്ട്. കടത്തിണ്ണകളിലും, പണിസ്ഥലങ്ങളിൽ നിന്നും, കിടക്കപ്പായയിൽ നിന്നുപോലും കുട്ടികളെ സ്കൂളിലേക്ക് വാത്സല്യപൂർവ്വം നയിച്ച മഹത് ഗുരുഭൂതരുമുള്ള കാലഘട്ടം ആയിരം വർഷങ്ങളോളം പഴക്കമുള്ളതല്ല. വിദ്യാഭ്യാസവും പണവുമൊക്കെ എന്തിനെന്ന് മനസ്സിലാക്കാൻ സാധിക്കാത്തവർ സമൂഹത്തിലുണ്ട്. ആരുടെയും നോട്ടം കിട്ടാതെ, സമയവും സാഹചര്യവും തെളിച്ച തേരിലൂടെ ജീവിത കഷ്ടപ്പാടിൽ പെട്ടുപോയവർ. അവരുടെ പുതുതലമുറ ഇതൊന്നും അറിയാത്തവരാകരുത്. അറിവ് ആരുടെയും അടിമത്തമല്ല, അത് പുത്തൻ ലോകത്തിന്റെ ആന വാതിലുകളാണ്. പരക്കെ തുറന്നിട്ടിരിക്കുന്നത് പുത്തൻ പ്രവേശന ഉത്സവങ്ങൾക്കാണ്, നിറമുള്ള സ്വപ്നങ്ങൾ പൂത്തുലയാനാണ്, ഒരു പുത്തൻ നവജനതയ്ക്കായാണ്. കൈ കോർത്ത് ആവേശത്തോടെ മുന്നേറാം. സാഹചര്യങ്ങളാൽ തഴമ്പിച്ച കൈപ്പത്തിയിൽ പേനയും പുസ്തകവും വരുമ്പോൾ, ഹൃദയങ്ങളിലേക്ക് അറിവ് കൈമാറ്റം ചെയ്യപ്പെടുമ്പോൾ ഓർക്കുക. അവ ഇന്ന് ക്രിസ്തുവിൽ നിന്ന് കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു.

ദാരിദ്ര്യത്തിന്റയും ജാതിയുടെയും മറ്റും പേര് പറഞ്ഞ് എത്രയോ കുരുന്നുകൾക്കാണ് ഇന്ന് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നത്. 'കൊറോണ' എന്ന ഒരു കുഞ്ഞൻ വൈറസുമൂലം നിരവധി വിദ്യാർഥികൾക്ക് മുന്നോട്ടുള്ള പല വഴികളും അടയുകയാണ്. പ്രത്യേകിച്ച്, മഹാമാരിയും പ്രകൃതി ദുരന്തം മൂലവും മാതാപിതാക്കൾ നഷ്ടപ്പെട്ട പാവം വിദ്യാർഥികൾ പഠനം പാതിവഴി ഉപേക്ഷിച്ച് അന്നന്നുവേണ്ടുന്ന ആഹാരത്തിനുവേണ്ടിയും കുടുംബം മുന്നോട്ട് നീക്കുന്നതിനുവേണ്ടിയും കൂലിപ്പണി ചെയ്യേണ്ടി വരുന്നു. ഈ സന്ദർഭത്തിലാണ് 'അമലോത്ഭവമാതാവിന്റെ മക്കൾ' എന്ന സന്ന്യാസസഭ മുന്നോട്ടു വയ്ക്കുന്ന Children Mission ഏറെ ശ്രദ്ധയാകർഷിക്കുന്നത്. അതായത്, പഠനത്തിൽ മികവ് തെളിയിച്ച ഏറെ വിദ്യാർഥികൾ സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുന്ന ഈ കാലഘട്ടത്തിൽ, ദാരിദ്ര്യം മൂലം പഠനമുപേക്ഷിച്ചവരിൽ ഒരു തിരിവെട്ടമായി മാറുകയാണ് Children Mission. പഠനത്തിൽ മികവുള്ള വിദ്യാർഥികൾക്ക് Scholarship നൽകി അവരെ പഠനത്തിൽ ഉയർത്തിക്കൊണ്ടുവരാൻ Children Mission-നിലൂടെ അമലോത്ഭവമാതാവിന്റെ മക്കൾക്ക് സാധിക്കും. ആരോരുമില്ലാതെ, കൈയ്യിൽ പുസ്തകം വാങ്ങാൻ പോലും പണമില്ലാതെ കഴിയുന്ന നിരവധി വിദ്യാർഥികൾക്ക് മുന്നിലേക്ക് പ്രതീക്ഷയുടെയും ആഗ്രഹത്തിന്റെയും ഒരു മറുപുറമാണ് സന്ന്യാസസഭ മുന്നോട്ടു കൊണ്ടുവരുന്ന ഈ കൊച്ചു സംരംഭം - "Children Mission". ഇതിലേക്കായി ബാംഗ്ലൂരിലെ സ്നേഹസദനും, ആന്ധ്രയിലെ അമലോത്ഭവി ബോയ്സ് ഹോമും, പനത്തടിയിലുള്ള സെന്റ് മേരീസ് ബോയ്സ് ഹോമും സകല സന്നാഹങ്ങളുമായി കുഞ്ഞുങ്ങളെ കാത്തിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികളെ ലക്ഷ്യമാക്കിയാണ് ഈ മിഷന്റെ ആരംഭം തന്നെ. So let our children see dreams, the dreams that which has no end. Let this **CHILDREN'S MISSION** be the Kairos of the children.

●

# പിറക്കാതെ പോയ മക്കളെ





ആന്റെണി ജോസ് കുറ്റികാടൻ

കണ്ടവരിൽ ചിലർ പറഞ്ഞു കാണരുതെന്ന്. ചിലർ പറഞ്ഞു കണ്ടുനോക്കാൻ. കാണുന്നതിൽ എന്താ ഇത്ര തെറ്റ് എന്നോർത്ത് കണ്ടുനോക്കി. പിറക്കാതെ പോയ മക്കളെ' എന്നായിരുന്നു കണ്ടുതീർന്നപ്പോൾ ആത്മഗതം. പുതുപുത്തൻ ചിന്തകൾ വിപ്ലവാത്മകമായി തോന്നുമെങ്കിലും അർഥശൂന്യമാണ് പകുതിയുമെന്ന നിഗമനത്തിൽ സിനിമാവസാനം ഞാൻ എത്തിച്ചേർന്നു. ഈ സംസ്കാരത്തിൽതന്നെ വേരുകൾ ഉള്ളവനാണല്ലോ ഞാനും. ആരുടെയൊക്കെയോ ഭാവനാസൃഷ്ടി, ആരുടേയോ ചിന്താഗതി എന്നുപറഞ്ഞൊഴിയാമെങ്കിലും ചിലത് പറയാതെ പോകുന്നതെങ്ങനെ? പിറവിയാണ് അടുത്തുവരുന്നത് അപ്പോൾ പിറക്കാതെ പോയ മക്കളെ ഓർക്കാതെ വയ്യ. സെമിനാരിയിൽ അരങ്ങേറിയ ബൈബിൾ നാടകത്തിന്റെ പേര് ഓർക്കുന്നു-ഹേറോദേസ് ഇനിയും മരിച്ചിട്ടില്ല. ഗർഭഛിദ്രമാണ് വിഷയം. വ്യത്യസ്തമായ അവതരണം, മനസിൽ തൊടുന്ന അഭിനയം, സംഭാഷണം. അതുകൊണ്ട് പിന്നീടുള്ള ക്രിസ്തുമസുകളിലെല്ലാം ഓർത്തു ഹേറോദേസ് മരിച്ചിട്ടില്ല. കർമ്മംകൊണ്ട് അറിയപ്പെടുന്നവർ മരിക്കുന്നില്ലല്ലോ-കർമ്മം വിഖ്യാതമാണെങ്കിലും അവിഖ്യാതമാണെങ്കിലും. യഹൂദരുടെ രാജാവായി ജനിച്ചവൻ വളർന്നു രാജാവായാൽ ...ഓർത്തപ്പോൾതന്നെ അയാൾ കിടിലംകൊണ്ട്കാണും. രഹസ്യാന്വേഷണങ്ങൾ അയാൾക്ക് നൽകിയ സൂചന രക്ഷകൻ ജനിച്ചിരിക്കുന്നു, കുലീനജാതനല്ല എന്നാകണം. റാമായിലെ സ്വരവും, കരച്ചിലും മുറവിളിയും കുലീനരുടേതല്ല. ഒരു സമൂഹത്തിലും കുലീനർ അധികമില്ലല്ലോ. ഉണ്ടെങ്കിൽത്തന്നെ ഒരുകുലീനൻ രാജാവായാൽ അന്തസില്ലേ? അപ്പോൾ അവൻ ആരുടെ മകനാണ്? ആരുടേയും മകനാകാം. എങ്കിൽ ഒരുവന് പകരം ഒരായിരംപേർ മരിക്കട്ടെയെന്ന് ആ കുറുക്കൻ തീർപ്പാക്കി. സിംഹാസനം നഷ്ടപ്പെടരുതല്ലോ. ഇതു സത്യമാകാം ഭാവനയാകാം.

മത്തായി സുവിശേഷത്തിലെ ക്രിസ്തുവിന്റെ ജനനത്തിന്റെ പുനർവായനയാണ് സക്കറിയായുടെ 'ആർക്കറിയാം' എന്ന ചെറുകഥ. പട്ടാളക്കാരൻ ചോദിക്കുന്നുണ്ട് 'ഇത്രയായിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത്?' ഈ ശിശു വധങ്ങൾക്കുത്തരവാദി ഭരിച്ചരാജാവാണോ ജനിച്ച രക്ഷകനാണോ എന്ന് നമ്മൾ സന്ദേഹിക്കും. ജീവനെ നിസാരമായി കണ്ടവനാണ് ഹേറോദേസ്. ആർക്ക്വേണ്ടി? അവന്വേണ്ടിതന്നെ. അവനവന്റെ സുഖത്തിനും സന്തോഷത്തിനും വേണ്ടി ജീവിക്കുന്നവനെ ഹേറോദേസ് എന്ന് വിളിക്കാം.

കണ്ട സിനിമയിലുണ്ടായിരുന്നു ഹേറോദേസിന്റെ അംശം. അവനവനെക്കുറിച്ച് ചിന്തിക്കുന്ന, അവനവന്റെ ഭാവിയെക്കുറിച്ച് പര്യാകുലയാകുന്ന കഥാപാത്രം- സാറാ വിൻസന്റ്. ഈ കാലഘട്ടത്തിൽ സ്ത്രീക്ക് മാതൃത്വം അവളുടെ 'ചോയ്സ്' ആണെന്ന് ചിന്തിപ്പിക്കാനാണ് സിനിമ ശ്രമിക്കുന്നത്. അതിനുവേണ്ടി സ്ത്രീക്കുമാത്രം ഉൾക്കൊള്ളാൻ കഴിയുന്ന ജീവനെ ഹേറോദേസിനെപ്പോലെ നിസാരമാക്കരുതായിരുന്നു. ഗർഭിണിയായിരുന്നപ്പോഴും ടെന്നീസ് കളിച്ച സെറീനാവില്ല്യംസും, അമ്മയായിട്ടും കരിയർവിടാതെ ബോക്സിങ്ങിൽ സജീവമായി തിളങ്ങിയ മേരികോമും എല്ലാ 'സാറാമാർക്കും' മാറിചിന്തിക്കാൻ പ്രചോദനമാകട്ടെ. 'ആക്സിഡന്റൽ പ്രഗ്നൻസി' എന്ന പദം കൊണ്ട് ഒരു ജീവനെ നിസാരമായികാണാനാകുമോ?

ഈ ലോകത്തിൽ അമ്മയെപ്പോലെ വേറെ ആരുണ്ട്? ഉദരത്തിൽ മറ്റൊരു ലോകം ചുമക്കാനും ആ ലോകത്തുനിന്നും ഈ ലോകത്തിലേക്ക് തന്നെപ്പോലെയുള്ള ഒരുവനെയോ ഒരുവളെയോ സ്വാഗതം ചെയ്യാനും അമ്മക്കല്ലേ പറ്റൂ. അവൾക്ക് രണ്ടുലോകമുണ്ട്. ഒന്ന് അവളുടെ ലോകം രണ്ട് അവളുടെ മക്കളുടെ ലോകം. അവനവനുവേണ്ടിയല്ലാതെ ജീവിക്കുന്ന ഏറ്റവും മഹത്തായ രൂപമാണ് അമ്മ. കൊല്ലാനെളുപ്പമാണ്. പോറ്റാനാണ് ധൈര്യം വേണ്ടത്. യൗസേപ്പിനേയും മാതാവിനേയും ക്രിസ്തുമസിന്റെ നിലാവിൽ നോക്കുക. ജനിച്ചുവീണ തിരുകുമാരന്റെ ജീവൻ സംരക്ഷിക്കു

**ഗർഭിണിയായിരുന്നപ്പോഴും ടെന്നീസ് കളിച്ച സെറീനാവില്ല്യംസും, അമ്മയായിട്ടും കരിയർവിടാതെ ബോക്സിങ്ങിൽ സജീവമായി തിളങ്ങിയ മേരികോമും എല്ലാ 'സാറാമാർക്കും' മാറിചിന്തിക്കാൻ പ്രചോദനമാകട്ടെ.**

വാനുള്ള ആ അലച്ചിൽ എത്രയധികമാണ്. ഭാവിയെക്കുറിച്ച് ആകുലപ്പെട്ടുകൊണ്ട് പരിഭവം പറയുന്ന ആരും ആ കുടുംബത്തിലില്ല. മാതൃത്വം ഒരു ഉത്തരവാദിത്വമാണ് 'ആക്സിഡന്റൽ' അല്ല. പത്തുമാസം കൊണ്ട് ഒരു കുഞ്ഞ് രൂപപ്പെടുമ്പോൾ അത്രകാലം കൊണ്ട് തന്നെ ഒരമ്മയും രൂപപ്പെടുന്നു. കുഞ്ഞിന്റെ സ്പന്ദനങ്ങളറിഞ്ഞ് കുഞ്ഞിനുവേണ്ടി രൂപപ്പെടുന്നു.

ഖലീൽ ജിബ്രാന്റെ പ്രവാചകനിൽ പൈതങ്ങളെക്കുറിച്ച് പറയുന്നുണ്ട്. 'നിങ്ങളുടെ പൈതങ്ങൾ നിങ്ങളുടേതല്ല. നിലനിൽക്കാനുള്ള ജീവന്റെ ദാഹത്തിൽ നിന്നുപൊടിച്ച പുത്രൻമാരും പുത്രിമാരുമാണവർ. നിങ്ങളിലൂടെ അവർ വന്നു. എന്നാൽ നിങ്ങളിൽ നിന്നല്ല. നിങ്ങളുടെ ചാരെയിരിക്കുമ്പോഴും അവർ നിങ്ങളുടേതല്ല. അവർക്ക് സ്നേഹം നൽകുക. ചിന്തകൾ അരുത്. കാരണം അത് അവരിൽ ആവോളമുണ്ട്. അവരുടെ ദേഹത്തിന് വീടൊരുക്കുക... ആത്മാവിനരുത്. നാളെയുടെ വീട്ടിൽ പാർക്കേണ്ടവരാണവർ. വിദൂരമായ ഒരു കിനാവിന്റെ, വിരൽകൊണ്ട്പോലും സ്പർശിക്കാനാകാത്ത വിധത്തിൽ അകലെ, അകലെയാണ് അവരുടെ വീട്. അവരെപ്പോലേയാകാൻ നോക്കികൊള്ളൂ... എന്നാൽ അവരെ നിങ്ങളാക്കാൻ പരിശ്രമിക്കരുത്."

പിറക്കാതെ പോയ മക്കളേ മാപ്പ്. നിങ്ങളുടെ ജീവനെ നിസാരമാക്കിയതിന്. അവനവന്റെ സുഖം തേടിയപ്പോൾ തിരസ്കരിച്ചതിന്... അമ്മയെന്ന മഹനീയ രൂപത്തെ കൈവിട്ടതിന്... ●

---

# ഇതാ കർത്താവിന്റെ ദാസി: നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.



**ടോം ഷാജി**

ചുവടുകൾ ഓരോന്നായ് മുന്നോട്ട് വയ്ക്കുംതോറും, ലക്ഷ്യം അടുത്തുകൊണ്ടിരിക്കും. ഒരു സാധാരണ മനുഷ്യന്റെ ജീവിതദൗത്യങ്ങളിൽ പലപ്പോഴും ഒരുവൻ വീണുപോകുന്നത്, ഒന്നുകിൽ സ്വന്തം നിലപാടുകളിൽ വ്യതിചലനം ഉണ്ടായത് മൂലമോ അല്ലെങ്കിൽ എടുത്ത നിലപാട് തെറ്റായിപ്പോയി എന്ന തോന്നലുകൊണ്ടോ ആകാം. സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്നത് ദൈവഹിതമാകില്ല മറിച്ച് ദൈവഹിതം സ്വന്തം ഇഷ്ടമായി കരുതി ചെയ്യുമ്പോൾ ജീവിതം അർഥവത്താകും.

തങ്ങളുടെ ഇഷ്ടത്തോടൊപ്പം ദൈവഹിതം ചേർത്തുവയ്ക്കാത്തതിനാലാണ് ആദിമാതാപിതാക്കൾക്ക് തങ്ങൾ സ്വന്തമെന്ന് കരുതിയതുപോലും നഷ്ടമായത്. അതിന്റെ പരിണിതഫലമായി അവർക്കനുഭവിക്കേണ്ടി വന്നതും വളരെയേറെ. ഇതിനെല്ലാം ഒരവസാനം



കുറിച്ചുകൊണ്ടാണ് പരിശുദ്ധകന്യകമറിയം "The New Eve" ദൈവപുത്രന് ജൻമംനല്കുക. നല്ലത് വിവേചിച്ചറിയാൻ പരിശുദ്ധഅമ്മ പരിശീലിച്ചതുവഴി, ഗബ്രിയേൽ മാലാഖവഴി ദൈവം അറിയിച്ച സന്ദേശങ്ങൾക്ക് "Yes" എന്ന് തന്നെ ഉത്തരം. പരിശുദ്ധ അമ്മ ശങ്കിച്ചില്ല. എതിർപ്പുകൾ ഉന്നയിച്ചതുമില്ല. പക്ഷേ ഒരേഒരു ചോദ്യം. 'ഇതെങ്ങനെ സംഭവിക്കും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?' (ലൂക്കാ1,34) എന്നാൽ ദൂതൻ നല്കിയ ഉത്തരം അവൾക്ക് സ്വീകാര്യമായ് തോന്നി.

നിർത്താതെ തുടരുന്ന ജീവിതയാത്രയിൽ ഒരു "Break" അനിവാര്യമാണ്. ഇന്നും അനേകം പേരുടെ ജീവിതത്തിൽ സ്വസ്തതയ്ക്കും, നൻമകൾക്കും സ്ഥാനമില്ലെങ്കിൽ ഒരുപക്ഷെ, സ്വയം തീരുമാനങ്ങൾ എടുത്തതുകൊണ്ടാകാം. ജീവിച്ചുകൊണ്ടിരിക്കുന്ന ഈ ജീവിത ശൈലി നിനക്ക് പൂർണമായ് തോന്നുന്നില്ലെങ്കിൽ യഥാർഥവഴി കണ്ടെത്താൻ ദൈവപിതാവ് പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നിനക്ക് നൽവഴി കാട്ടിത്തരും.

ലോകത്തിന് വേണ്ടിയാണ് പരിശുദ്ധ അമ്മ തന്റെ പുത്രനെ നൽകിയത്. ഇതിലുംനല്ലൊരുദാഹരണം കിട്ടുക അസാധ്യം. കാലമിത്രയായിട്ടും, പരിശുദ്ധഅമ്മ ഉരുവിട്ട ആ വചനം ഇപ്പോഴും നമ്മേ ചിന്തിപ്പിക്കുന്നു. ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! ●



# The encounter with the King of Kings



**Fr. Benny Mekkatt CFIC**

Curiosity on new things and search for knowledge and new experience are very empirical features of every human person. Just like the physical hunger and thirst, there is also an emotional and spiritual hunger and thirst in every individual. The feast of epiphany is the result of such a search for a new encounter with someone who was greater than the seekers themselves. The story of epiphany is mostly connected with the story of the three Magi traveling a long way to meet the newborn king. The sense of suspense and surprise leads the Magi to the Saviour, the King of kings.

The Greek word Epiphany (*åðéöÜíåéá*), which means *appearance* or *manifestation*, is generally applied to Jesus' first appearance to the Magi. "Epiphany" refers to God's Self-revelation to the world through His Son Jesus Christ. The angels revealed Jesus to the shepherds, while the star revealed Him to the Magi, who had already received hints from ancient books. Later, God, the Father revealed Jesus' identity at His baptism in river Jordan and during the transfiguration saying, "this is my beloved Son in whom I am well pleased; listen to Him." John the Baptizer himself revealed Jesus to the world, pointing out him to his disciples and the crowd, saying, "this is the Lamb of God who takes away the sin of the world." All these revelations are all suggested by the Feast of the Epiphany.

The Epiphany can be looked on as a symbol for our own pilgrimage through life to heaven. The feast invites us to see ourselves as images of the Magi, a people on a journey to Christ. In their search for the King of kings, we also see the Magi's encounter with the evil King Herod. This encounter symbolizes three reactions of the world to Jesus' birth: hatred, indifference, and adoration. Herod and his people planned to destroy Jesus because they thought the new king would be a threat to their position. The second group, composed of priests and scribes, ignored Jesus because they were full of themselves and there was no room in their hearts for a child of humble birth. The third group is composed of the shepherds and the Magi. They were humble enough listen to the message they received and search for the true light and adored Jesus and offered themselves, what they had and what they were, to Him. 'Blessed are they who love Him, blessed are they who seek Him and blessed are they who follow Him with humility of heart.'

The encounter with the King of kings transformed the lives of the Magi as they were able to grasp and follow God's ways with more clarity. As a result, they were able to listen and understand the directions they received through the angel and they returned home through another route. What is its implication on my life? Just as the Magi chose another route to return to their homes following the directions from God, we are also called to choose a better way of life, trying to overcome our pride, selfishness and greed and all kinds of evil habits and addictions. As the star led the wise men to Jesus, following the footsteps of Jesus, the true light and being illumined by that true light, let us also try to become the stars, leading others to Jesus. As the shining stars in dark corners of this world, we too can remove or lessen the darkness of the evil around us by being, if not like stars, at least like tiny candles, radiating Jesus' love and compassion by selfless service, unconditional forgiveness and compassionate care to everyone we encounter in our lives. Thus, the Epiphany of Jesus becomes an ongoing mission in the world.

# ഇമ്മാനുവേൽ ദൈവം നമ്മോടു കൂടെ



ബിബിൻ വെള്ളാരംകുന്നേൽ CFIC

ചരിത്രം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സുന്ദരമായ നാമമാണ് 'ഇമ്മാനുവേൽ.' അതിനർഥം 'ദൈവം നമ്മോടുകൂടെ'. രണ്ടുകാരണങ്ങളാൽ സമ്പന്നമാണ് ഇമ്മാനുവേൽ എന്ന നാമം. ഒന്ന് മനുഷ്യന്റെ നിലവിളിക്കുള്ള ഉത്തരമായി ദൈവം മനുഷ്യനായി ഭൂമിയിൽ ഇറങ്ങിവന്നു. രണ്ട്, ഇനിയൊരിക്കലും നമ്മേ പിരിയുകയില്ലെന്ന ദൃഢമായ ഉറപ്പും ആശ്വാസവും നൽകുന്ന നാമം. മത്തായി 1,22–ൽ നാം വ്യക്തമായി തിരിച്ചറിയുന്ന സത്യമാണിത്. പ്രവചനങ്ങളുടേയും കാത്തിരിപ്പിന്റെയും പൂർത്തീകരണമായ മിശിഹാ നമ്മോടുകൂടെ നിത്യം വസിക്കുന്നതിനായി ഇമ്മാനുവേൽ എന്ന നാമത്തിൽ മനുഷ്യമക്കളുടെ മധ്യത്തിൽ അവതരിക്കുന്നത്. ഇക്കാരണത്താൽ തന്നെയാണ് മനുഷ്യാവതാരമെന്ന സത്യം ദൈവം തന്റെ മക്കൾക്ക് നൽകിയ വലിയ സമ്മാനമാണെന്ന് ബൈബിൾ പണ്ഡിതൻമാർ പറയുന്നത്. കണ്ണുനീര് കലർന്ന പ്രാർഥനകളൊന്നും ദൈവം കേൾക്കാതിരിക്കില്ല എന്നുള്ള വലിയ ഓർമ്മപ്പെടുത്തലിന്റെ അടയാളം കൂടിയാണ് ഇമ്മാനുവേൽ, അതായത് നമ്മോടു കൂടെയായിരിക്കുന്ന ദൈവം.

ഏശയ്യ പ്രവാചകന്റെ പുസ്തകം 7–ാം അദ്ധ്യായം അറിയപ്പെടുന്നത് തന്നെ 'ഇമ്മാനുവേൽപ്രവചനം' എന്നാണ്. ഇതിന്റെ 7,14 ൽ കാണുന്നു, "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ ഇമ്മനുവേൽ എന്നുവിളിക്കപ്പെടും." പ്രവചനങ്ങളുടെ പൂർത്തീകരണമായി, സാക്ഷാത്കാരമായി രക്ഷകൻ ഭൂമിയിൽ അവതരിക്കുന്നു. ദൈവം നമ്മോടുകൂടെ എന്നതിന് സ്നേഹം എന്നുകൂടിയാണ് അർഥം. കാരണം ദൈവപിതാവിന്റെ മുഴുവൻ സ്നേഹവും നമുക്ക് അനുഭവവേദ്യമാക്കിത്തരുവാനാണ് സ്വപുത്രനെ അവിടന്ന് ഭൂമിയിലേക്കയച്ചത്. പാപമൊഴികെ മറ്റെല്ലാകാര്യങ്ങളിലും നമുക്ക് സമനായി ക്രിസ്തു നമ്മോടൊത്തു വസിച്ചു. മനുഷ്യനോടൊപ്പം പൂർണനായി ജീവിക്കുവാൻ അവൻ പൂർണമനുഷ്യനായി. എന്നാൽ അതിനോടൊപ്പംതന്നെ മനുഷ്യനെ പൂർണനാക്കുവാൻ അവൻ പൂർണദൈവവുമായിരുന്നു. ഇവിടെയാണ് ഇമ്മാനുവേൽ എന്ന ദൈവത്തിന്റെ നാമം അക്ഷരാർഥത്തിൽ നമ്മോടുകൂടെയുള്ള ദൈവത്തിന്റെ കരുണയും കരുതലും സ്നേഹവുമെല്ലാം നമുക്ക് വെളിപ്പെടുത്തിത്തരുന്നത്.

ഒരു ശാസ്ത്രത്തിനും കണ്ടുപിടിക്കാനാവാത്ത സ്നേഹമെന്ന വികാരത്തിന്റെ അസ്ഥിത്വവും അടിത്തറയുമാണ് ഇത് വെളിപ്പെടുത്തുന്നത്. ക്രിസ്തു തന്നെ നമ്മോട് പറയുന്നില്ലേ ഞാൻ വന്നിരിക്കുന്നത് ലോകത്തിന് ജീവനുണ്ടാകുവാനും അത് സമൃദ്ധമാകുന്നതിനും വേണ്ടിയാണെന്ന്. നമ്മോടുകൂടെയായിരിക്കുന്ന ദൈവം നമുക്ക് പകർന്ന് നൽകുന്നത് നിത്യജീവന്റെ ഒരു ഓഹരിയാണ്. മാനുഷിക ജീവിതങ്ങളെ ദൈവീക ജീവനിലേക്ക് ഉയർത്തുന്ന നിത്യജീവൻ, ലോകത്തിന്റെ നൈമിഷിക സുഖങ്ങളിൽ നിന്നും നിത്യജീവിത സൗന്ദര്യങ്ങളിലേക്കുള്ള ഒരു കൂട്ടികൊണ്ടുപോകലാണ്, ക്രിസ്തു നൽകുന്ന നിത്യജീവൻ. 'നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്' എന്ന പത്രോസ് അപ്പോസ്തലന്റെ വെളിപ്പെടുത്തൽ ഈ ബോധ്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞവയാണ് (യോഹ 6, 68). മരവിച്ച മനുഷ്യഹൃദയങ്ങളിലേക്കുള്ള ദൈവത്തിന്റെ കടന്നു



വരവാണ് ഇമ്മാനുവേൽ എന്ന നാമം. അതൊരു പുത്തൻപ്രതീക്ഷയുടെ പൊൻപുലരിയാണ്. ക്രമ രഹിതവും നിർജീവവും മരവിച്ചതുമായ മനുഷ്യ ഹൃദയങ്ങളെ തിരുഹൃദയമാക്കിമാറ്റാനുള്ള അത്യുന്നതന്റെ കാൽവയ്പ്പായി ഇതിനെ സുവിശേഷം വിലയിരുത്തുന്നു. പ്രതീക്ഷാനിർഭരമായ ജീവിതത്തിന് വേണ്ടി പ്രാർഥിക്കുന്ന നാം ഇതിലൂടെ നമ്മോടൊത്ത് വസിക്കണമേ എന്നല്ലേ പ്രാർഥിക്കുന്നത്. ഉള്ളിലുള്ള ക്രിസ്തു സാന്നിധ്യത്തിന്റെ തിരിച്ചറിവിലേക്ക് നമ്മേ നയിക്കുവാൻ അവന്റെ കടന്നുവരവിന് സാധിക്കും. വെളിപാടിന്റെ പുസ്തകം നമുക്കൊരു ഓർമ്മപ്പെടുത്ത ലാണ്. 'അവിടന്ന് അവരോടൊത്ത് വസിക്കും, അവിടന്ന് അവരോടുകൂടെ ആയിരിക്കുകയും ചെയ്യും'(വെളി. 21,3). നമ്മോടൊത്ത് വസിക്കാൻ ഇമ്മാനുവേൽ എന്ന അനുഗൃഹീത നാമം പേറിയ ദൈവം. കാരണം അവൻ എല്ലാറ്റിനും എല്ലാമാണ്, എല്ലാറ്റിനേയും ഉൾക്കൊള്ളുന്ന സ്നേഹമാണ്.

അപരനെതിരെ കെട്ടിപ്പൊക്കുന്ന ജീവിതത്തിന്റെ മതിലുകളെ നിഷ്കരുണം തച്ചുടയ്ക്കുക എന്നുള്ള ഒരു ആഹ്വാനം കൂടി നമ്മോടുകൂടെയുള്ളവൻ നമുക്ക് നൽകുന്നുണ്ട്. കാരണം നമ്മുടെ ജീവിതപ്രശ്നങ്ങളിൽ രക്ഷകനായി ഇമ്മാനുവേൽ അവതരിച്ചതുപോലെ എന്റെ സഹോദരന്റെ ജീവിതത്തിലെ നിരവധിയായ പ്രശ്നങ്ങളിൽ ഞാൻ മറ്റൊരു ഇമ്മാനുവേലായി പിറവിയെടുക്കേണ്ടിയിരിക്കുന്നു. അതിനർഥം, ഞാൻ അവന് പ്രതീക്ഷയുടെ, കരുണയുടെ, കരുതലിന്റെ യൊക്കെ ദൈവീകസാന്നിധ്യമായി മാറണം. എന്റെ സാന്നിധ്യത്തിൽ നിന്നും എന്റെ സഹോദരൻ ദൈവീക സാന്നിധ്യം തിരിച്ചറിയണം. മറ്റുള്ളവർക്ക് മുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ട വാതിലുകൾ നമുക്ക് തുറക്കാം. അപരനു മുന്നിൽ ക്രിസ്തു തന്നെത്തന്നെ തുറന്നതു പോലെ സഹോദരന്റെ വേദനകൾക്ക് മുന്നിൽ അവനെ സ്വീകരിക്കാൻ തക്ക തുറവി ഉള്ളവരായി നമുക്ക് മാറാം. എളിമപ്പെടാൻ മനസ്സില്ലാത്ത മനസ്സുകൾക്ക് ഒരിക്കലും ഇമ്മാനുവേലായി അവതരിച്ച രക്ഷകനെ സ്വീകരിക്കാൻ സാധിക്കുകയില്ല. കാരണം അവൻ എളിയവരിൽ എളിയവനും എളിമയുടെ രൂപവുമാണ്. അതിനാലാ ണല്ലോ ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നത് 'ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്നിൽ നിന്ന് പഠിക്കുവിൻ'. അവനെ അറിയാനും അവനിൽ നിന്ന് പഠിക്കാനും അവനെപ്പോലെ ആകാനും നാം നമ്മുടെ ഹൃദയങ്ങളെ ഇനിയും വിനീതമാക്കുകയും എളിമ പ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

ഇമ്മാനുവേൽ അഥവാ ദൈവം നമ്മോടുകൂടെ എന്ന രക്ഷകന്റെ നാമം നമുക്ക് നൽകുന്നത് അനിർവചനീയമായ ഒരു ധൈര്യവും ഉറപ്പുമാണ്. കാരണം എക്കാലത്തും എന്നും ദൈവം നമ്മോടുകൂടെയുണ്ടായിരിക്കും എന്ന ഉറപ്പ്. ഒരിക്കലും പിരിയാത്തവനായി കൂടെ നടക്കുന്ന, നടത്തുന്ന അനന്തമായ കാരുണ്യം. നമുക്കെല്ലാവർക്കും പ്രത്യേകിച്ച്, ജീവിത്തിന്റെ വിവിധ മേഖലകളിൽ തോറ്റുപോവുന്നു എന്ന തോന്നലുള്ളവർക്ക് നിശ്ചയമായും ധ്യാനിക്കാവുന്ന ഒരു വിഷയമാണ് ഇമ്മാനുവേൽ അഥവാ ദൈവം നമ്മോടുകൂടെ. ഇതിന്റെ പൊരുൾ ഞാൻ എന്നും നിന്നോടുകൂടെയുണ്ട് എന്ന ഉറപ്പാണ്. ഈ ഉറപ്പാണ് നമ്മുടെ വിശ്വാസവും ശക്തിയും. ഈ ഒരു ഉറപ്പിൽ നിന്നാണ് 'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്കെല്ലാം ചെയ്യാൻ സാധിക്കും' എന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നത്. ഇതേ ഉറപ്പ്തന്നെയാണ് രക്ഷകൻ ഇന്ന് നമുക്ക് പകർന്ന് നൽകുന്നത്. അതിനാൽ പ്രതീക്ഷയോടെ സങ്കീർത്തകനോടൊപ്പം നമുക്കും പറയാം. കർത്താവ് എന്റെ സഹായകനും വിമോചകനു മാണ്. അവനിൽ ഞാൻ പ്രത്യാശ വയ്ക്കുന്നു. അവൻ ഇമ്മാനുവേലാണ്, നമ്മോടു കൂടെ വസിക്കുന്ന ദൈവമാണ്. ഈ ഒരു പ്രതീക്ഷയോടെ നമുക്ക് നമ്മുടെ ജീവിതങ്ങളെ മുന്നോട്ട് നയിക്കാം.



**കുഞ്ഞുങ്ങളെ സ്നേഹിക്കുക,**
**അവരിൽ നിങ്ങൾക്ക് ഉണ്ണിയേശുവിനെ**
**കാണാൻ സാധിക്കും.**
**അവർക്ക് വേണ്ടി നിരന്തരം**
**പ്രാർഥിക്കുക**

**വി. ജിയന്ന**



# ഇടയമുഖം



ഫാ. സാവിയോ ഫ്രാൻസിസ് IV Dei

'ഇടയനെ തിരഞ്ഞിറങ്ങുന്ന ദൈവം' പഴയനിയമകാലം മുതൽ വചനത്തിൽ നിറഞ്ഞ് കിടപ്പുണ്ട്. ദൈവം ആദ്യം അന്വേഷിച്ച ഇടയൻ ആബേൽ ആണ്. തിരഞ്ഞത് കായേനോടും (ഉൽപ്പ. 4:9). 'കർത്താവ് കായേനോട് ചോദിച്ചു നിന്റെ സഹോദരൻ ആബേൽ എവിടെ? ദൈവ പ്രീതിക്ക് പാത്രമായിരുന്ന ആബേൽ എന്ന ആട്ടിടയന്റെ കൊലപാതകം ദൈവത്തെ തെല്ലൊന്നുമല്ല വേദനിപ്പിച്ചിട്ടുണ്ടാവുക. പിന്നീടങ്ങോട്ട് കൂറുള്ള ആട്ടിടയന്മാരെ തിരഞ്ഞ് ദൈവം നടക്കുന്നുണ്ട്. അതിൽ ഉള്ളിനെ വല്ലാതെ ഉലക്കുന്ന ഒരു ഇടയൻ മോശയാണ്. അയാളെ ശക്തിപ്പെടുത്തിയപോലെ മറ്റൊരു ഇടയനെയും ശക്തിപ്പെടുത്തിയില്ലായെന്ന് തോന്നുന്നു. ആ ശക്തിയിൽ അടിയുറച്ച് ഇസ്രായേല്യരെ മുഴുവനായി ദൈവം നൽകിയ ഇടത്തിലേക്ക് മോശ നയിച്ചു. ലക്ഷ്യം തെറ്റാതെ നടക്കാനും, നടത്താനും ഇടയന്മാർക്ക് പ്രത്യേക കഴിവുണ്ട്. യേശുവിന്റെ ജനന സമയത്ത് ജ്ഞാനികൾക്ക് വഴികാട്ടാൻ നക്ഷത്രം നൽകിയപ്പോൾ, ആട്ടിടയന്മാരോട് രക്ഷകൻ ജനിച്ച ഇടം മാത്രമേ പറയേണ്ടിവന്നുള്ളൂ. വഴിയിൽ ഇടറാതെ ഇടയന്മാർ ഈശോയെ കണ്ടെത്തി. ക്രിസ്തുമസ് വലിയ ഇടയനായ ക്രിസ്തുവിനെ തിരയുന്ന ഇടയന്മാരെക്കൂടി ഉറ്റുനോക്കേണ്ട ദിനമാണ്. ഈ കോവിഡ്-19 മഹാമാരിയുടെ കാലത്ത് ക്രിസ്തുവിലേക്കുള്ള വഴിതെറ്റാത്ത ഇടയനാണോ ഞാൻ എന്ന ചിന്ത വല്ലാതെ വേദനിപ്പിക്കുന്നു. സകലർക്കും ഒരു ഇടയമുഖം സാധ്യമാണ്. കുടുംബത്തിലും സമൂഹത്തിലും ഈ ഇടയമുഖം നഷ്ടപ്പെട്ടുകൂടാ. കൂടെയായിരിക്കുന്ന സകലരേയും കൂട്ടിക്കൊണ്ട് ക്രിസ്തുവിലേക്ക് നടന്നടുക്കുവാനുള്ള ഇടയദൗത്യം എന്റേതും കൂടിയാണ് എന്ന വിചാരം ആഴപ്പെടേണ്ടതില്ലേ? നല്ല സമറിയാക്കാരനേപ്പോലെ ക്ഷതമേറ്റ ചിലരേയും തോളിലേറ്റി സകലർക്കും സൗഖ്യമോതുന്ന ദൈവാലയമുറ്റത്തേക്കുള്ള ഒരു തീർഥയാത്ര ഈ കാലത്തിന്റെ അനിവാര്യതയാണ്. കരുതിവച്ചത് പോലെ ഒരു വചനം ഒന്ന് രാജാക്കന്മാർ 22-ാം അദ്ധ്യായം 17-ാം വാക്യത്തിൽ കിടപ്പുണ്ട്. 'മിക്കായാ പറഞ്ഞു. ഇസ്രായേൽജനം ഇടയനില്ലാത്ത ആടുകളെ പോലെ പർവ്വതങ്ങളിൽ ചിതറിക്കിടക്കുന്നത് ഞാൻ കണ്ടു.' ഈ കാഴ്ച ചുറ്റുമുള്ളവരിലേക്ക് നോക്കാനുള്ള ഒരു വെളിപാടാണ്. ചിതറിക്കിടക്കുന്ന ചിലരൊക്കെ ചുറ്റുമുണ്ട്, ചിന്നഭിന്നമാകുംമുമ്പ് പുൽക്കൂട്ടിലേക്ക്... ക്രിസ്തുവിലേക്ക്... ദൈവാലയത്തിലേക്ക്... വഴിതെളിക്കാം... മിക്കായാ ദൈവത്തിന്റെ അരുളപ്പാട് കേൾക്കുന്നത് ഇങ്ങനെയാണ് 'ഇവർക്ക് നാഥനില്ല ഇവർ സ്വഭവനത്തിലേക്ക് സമാധാനത്തിൽ പോകട്ടെ.'


> **ലക്ഷ്യം തെറ്റാതെ നടക്കാനും, നടത്താനും ഇടയന്മാർക്ക് പ്രത്യേക കഴിവുണ്ട്. യേശുവിന്റെ ജനന സമയത്ത് ജ്ഞാനികൾക്ക് വഴികാട്ടാൻ നക്ഷത്രം നൽകിയപ്പോൾ, ആട്ടിടയന്മാരോട് രക്ഷകൻ ജനിച്ച ഇടം മാത്രമേ പറയേണ്ടിവന്നുള്ളൂ. വഴിയിൽ ഇടറാതെ ഇടയന്മാർ ഈശോയെ കണ്ടെത്തി.**

# ലൂയിജിമോന്തിയും പ്രാർഥനയും



ഫാബിയൊ മൈക്കിൾ CFIC

അറിവായകാലം തൊട്ട് കേൾക്കുകയും അറിയുകയും ചെയ്ത വാക്കാണ് പ്രാർഥന. എന്നിരുന്നാലും വളർച്ചയുടെ ഈ ഘട്ടത്തിൽ പോലും പ്രാർഥനയ്ക്ക് തക്കതായ ഒരു നിർവചനം നൽകാൻ എനിക്ക് ആയിട്ടില്ല. പക്ഷേ, കണ്ണുകളടച്ച് കൈകൾ കൂപ്പി ആരോ രചിച്ചത് യാന്ത്രികമായി ഉരുവിടലല്ല പ്രാർഥന എന്നു ഇടയ്ക്ക് തോന്നാറുണ്ട്. പ്രാർഥനക്ക് ഒരുവന്റെ ജീവിതവുമായി അടുത്ത ബന്ധമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണെന്ന് തോന്നുന്നു വാഴ്ത്തപ്പെട്ട ലൂയിജി മോന്തിയുടെ പ്രാർഥനാജീവിതം വിലയിരുത്തി അമ്മ



മകന്റെ ഭാവി സ്വപ്നം കണ്ട് പ്രവചിച്ചത്.

ലൂയിജിക്ക് തന്റെ ഭാവി ഭൂത വർത്തമാനകാലങ്ങൾ ഒക്കെ പ്രാർഥനയായിരുന്നു. പ്രാർഥനയിലൂടെ നടന്ന് പ്രാർഥനയിലൂടെ ജീവിച്ച് സ്വർഗ്ഗ പിതാവിന്റെ പദ്ധതി പ്രാർഥനയിലൂടെ മോന്തി കണ്ടെത്തി. തന്റെ എല്ലാമായ പിതാവ് മരണമടഞ്ഞ് കുടുംബ ഭാരം ചുമലിലായപ്പോഴും പ്രാർഥനയിൽ താൻ അനുഭവിച്ച ദൈവിക സാന്നിധ്യം തന്നെയായിരുന്നു ലൂയിജിയുടെ ബലം. രാത്രിയുടെ യാമങ്ങളിൽ കടലിൽ ഒറ്റപ്പെട്ടുപോകുന്ന മുക്കുവൻമാർക്ക് കരയിൽ എത്താൻ സഹായകമാകുന്ന ദീപസ്തംഭം പോലെ ബോവീസിയിലെ യുവജനങ്ങൾക്ക് ക്രിസ്തുവിൽ എത്തിച്ചേരുവാനുള്ള ജ്വലിക്കുന്ന ദീപം പോലെ പ്രകാശിക്കാൻ ഈ വിശുദ്ധന് കഴിഞ്ഞു. പ്രാർഥന എന്ന എണ്ണ എന്നും തന്റെ ജീവിതത്തിൽ അയാൾ സംഭരിച്ചിരുന്നു.

കുറ്റപ്പെടുത്തലുകളും പരിഹാസങ്ങളും നിന്ദനങ്ങളും ജീവിതത്തിൽ ഉണ്ടായപ്പോൾ മുറിവേറ്റ മനുഷ്യന് ഔഷധമെന്നപോൽ മോന്തി പ്രാർഥനയെ ചേർത്തുനിർത്തി. കുറ്റമറ്റവനയിരുന്നിട്ടും ജയിൽവാസ വേളയിൽ പ്രാർഥനയിലൂടെ ആയിരങ്ങളെ സ്വർഗീയ പിതാവിലേക്ക് അടുപ്പിക്കുവാൻ സാധിച്ചെങ്കിൽ ക്രിസ്തുവിന്റെ അനുയായിയായ എനിക്കും നിങ്ങൾക്കും എത്ര പേരെ ക്രിസ്തുവിലേക്ക് അടുപ്പിക്കുവാൻ സാധിച്ചു എന്നതിലാണ് നമ്മുടെ പ്രാർഥനയുടെ ആഴം. പ്രാർഥന ഒരു അലങ്കാരമല്ല, മറിച്ച് ജീവിത ക്ലേശങ്ങളിൽ ഉരുകിത്തീരുമ്പോൾ ഒറ്റയ്ക്കല്ല, നാഥൻ കൂടെയുണ്ട് എന്ന ഉറപ്പാണ്.

നിന്റെ പ്രാർഥനാവേളയിൽ ഒഴുകുന്ന ഓരോ കണ്ണുനീരിന്റെയും വില സ്വർണത്തെയും രക്തത്തെക്കാളും വലുതാണ്. ആ തിരിച്ചറിവായിരിക്കണം ഏവരെയും പ്രാർഥിക്കുവാൻ പ്രേരിപ്പിക്കേണ്ടത്. ‘ലോകം ചെവി കാർന്നു തിന്നുമ്പോൾ ദൈവതോന്നിപ്പിന്റെ മധുരസ്വരം കേൾക്കുന്ന ചെവികൾ അനുഗ്രഹീതം’ എന്ന തോമസ് അക്കെമ്പിസിന്റെ വാക്കുകൾ ധ്യാനിച്ചുകൊണ്ട് ബാഹ്യസ്വരങ്ങൾ ശ്രവിക്കാതെ ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന സത്യസ്വരം ശ്രവിക്കുന്ന ഭാഗ്യമുള്ളവരാകാം.

# ഹൃദയത്തിൽ ഒരു പുൽക്കൂടും ഹൃദയത്തിലേക്ക് സാന്തായും



സ്റ്റെഫിൻ ജേക്കബ് CFIC

**അ**വനെ പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞു പുൽത്തൊട്ടിയിൽ കിടത്തി, കാരണം സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല (ലൂക്കാ 2,7). ദൈവം മനുഷ്യനായി പിറക്കുന്നു. അത്ഭുതവും ആശ്ചര്യവും മനസിൽ നിറയുന്ന അനുഭവം. ദൈവത്തെ ഒരു ശിശുവായി കൈകളിൽ എടുക്കുവാൻ സാധിക്കുന്ന അപൂർവ നിമിഷം. അതാണ് ക്രിസ്തുമസ്. മുട്ടിയ വാതിലുകൾ ഒന്നും തുറന്ന് കിട്ടിയില്ല. ശിശുവായി ദൈവത്തെ സ്വീകരിക്കുവാനും കൈകളിലെടുക്കുവാനും ആർക്കും സാധിച്ചില്ല. എല്ലാവരും വാതിലുകൾ കൊട്ടിയടച്ചു. കൺമുമ്പിൽനിന്ന് കൈനീട്ടിയ മറിയത്തെ ഒരു സാധാരണ സ്ത്രീയായി മാത്രം അവർ കണ്ടു. അവളുടെ ഉള്ളിൽ വളർന്ന ശിശുവിനെ ദൈവപുത്രനായി ആരും കണ്ടില്ല. ബുദ്ധിയിൽ സ്വാഭാവികമായും വരുന്ന ചോദ്യം അതിപ്പോൾ എങ്ങനെ അറിയാനാണ്? ഇതിനുത്തരം നല്കുന്നത് വൃദ്ധയായ എലിസബത്താണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവൾ പറഞ്ഞു 'എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഭാഗ്യം എനിക്കെവിടെ നിന്ന്' ഹൃദയം പരിശുദ്ധമായിരിക്കുമ്പോൾ മാത്രമേ അടുത്തുവരുന്ന ദൈവസാന്നിധ്യം നാം തിരിച്ചറിയുകയുള്ളൂ, വാതിലുകൾ നാം തുറന്ന് കൊടുക്കുകയുള്ളൂ. എലിസബത്തിന്റെ അടുക്കലേക്ക് പോയ മറിയം തന്നെയാണ് ബത്‌ലെഹേമിലെ അനേകം ഭവനങ്ങളുടേയും സത്രങ്ങളുടേയും മുന്നിൽ മുട്ടിവിളിച്ചത്. ഒടുവിൽ തുറന്ന് കിടന്ന തൊഴുത്ത് അവർക്ക് അഭയമായി മാറുന്നു.

കാലിത്തൊഴുത്തിലെ പുൽത്തൊട്ടിലിൽ ഭൂജാതനായ ക്രിസ്തുവിന്റെ മാതൃക അനുസ്മരിക്കുമ്പോൾ, ക്രിസ്തുമസിന്റെ ആഘോഷങ്ങൾക്ക് ഒരു പരിധിവരെ അടിസ്ഥാനമാകുന്നത് പുൽക്കൂടാണ്. ദൈവപുത്രനായ യേശുവിന്റെ വരവ് എല്ലാവർക്കും ആഘോഷമായി മാറുന്നു. ക്രിസ്മസ് കേക്കും, ട്രീയും പുൽകൂടും, കരോൾ ഗാനങ്ങളും രക്ഷകന് മാറ്റ് കൂട്ടുമ്പോൾ നമ്മെ അതിശയിപ്പിക്കുന്ന താടിയും മുടിയും ചെമന്ന വസ്ത്രങ്ങളുമായി വരുന്ന ഒരു അപ്പൂപ്പനുണ്ട്, നമ്മുടെ സ്വന്തം സാന്താക്ലോസ്.

ലോകമെമ്പാടുമുള്ള കുഞ്ഞുങ്ങളുടേയും ഉള്ളിൽ കുട്ടിത്തമുള്ളവരുടേയും മനസിൽ ക്രിസ്മസ്ഫാദറിന് ഒരേ വേഷവിധാനങ്ങളും രൂപവുമാണുള്ളത്. ജർമ്മനിയിൽ ജനിച്ച് അമേരിക്കക്കാരനായി മാറിയ ചിത്രകാരൻ തോമസ് നാസ്റ്റാണ് ക്രിസ്മസ് പാപ്പയുടെ തുടുത്ത മുഖവും വെള്ളത്താടിയും തൊപ്പിയുമൊക്കെയുള്ള ഇന്നത്തെ രൂപം വരച്ചുണ്ടാക്കിയത്. 1963 ജനുവരി മൂന്നിലെ ഹാർപ്പേഴ്സ് വീക്കിലിയുടെ മുഖചിത്രവുമായി എത്തിയ രൂപം സാന്തായുടെ ആഗോള മുഖമായിമാറി. സാന്താക്ലോസിന്റെ പിന്നിലുള്ള വ്യക്തി വിശുദ്ധ നിക്കോളസ് ആണ്. പണ്ടത്തെ തുർക്കിയിലെ മിറപട്ടണത്തിൽ ജീവിച്ചിരുന്ന അദേഹം അവിടുത്തെ ബിഷപ്പായി. കത്തോലിക്കാ സഭയുടെ വിശുദ്ധനായ അദേഹത്തിന്റെ തിരുനാൾ ഡിസംബർ ആറിനാണ്.

നിക്കോളസ് എന്ന പേര് ഡച്ച് ഭാഷയിൽ സിന്റർക്ലാസ് എന്നാണ് പറയുക. അമേരിക്കയിൽ എത്തിയപ്പോൾ ഇത് പരിഷ്കരിച്ച് സാന്താക്ലോസ് എന്നായി. 1773-ൽ സാന്താക്ലോസ് എന്ന പദം ആദ്യമായി അച്ചടിക്കപ്പെട്ടു. റെയിൻഡീറുകൾ എന്ന മാനുകൾ വലിക്കുന്ന മഞ്ഞുവണ്ടിയിൽ വരുന്ന സാന്തായെ അവതിരിപ്പിച്ചത് അമേരിക്കൻ കവി ക്ലമന്റ് ഡി മൂർ ആണ്. കുട്ടികളുടെ കൂട്ടുകാരനായി അവതരിപ്പിക്കപ്പെടുന്ന സാന്തായെകുറിച്ച് നിരവധി കഥകളുണ്ട്. ഉത്തരദ്രുവത്തിൽ താമസിച്ച് വർഷം മുഴുവൻ കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്ന സാന്താ ക്രിസ്മസ് രാവിൽ മഞ്ഞുവണ്ടിയിൽ സമ്മാനപ്പൊതികളുമായി എത്തും. സമ്മാനം വേണമെന്നാവശ്യപ്പെട്ട് കത്തെഴുതുന്ന കുട്ടികളുടെ വീട്ടിൽ ആരുമറിയാതെ സമ്മാനമെത്തിക്കുകയാണ് സാന്തായുടെ പതിവ്. ക്രിസ്മസിന്റെ ഇന്ന് കാണുന്ന ഓരോ രൂപത്തിനും ഒരു കഥപറയാനുണ്ട്, സാന്തായുടെ കഥ ഇപ്രകാരമാണ്താനും. ഭൂമിയിൽ സൻമനസുള്ളവർക്ക് സമാധാനം എന്ന സന്ദേശത്തിലൂടെ സ്നേഹവും സമാധാനവും സന്ദേശവും നിറഞ്ഞ ഒരു പുതുലോകത്തിന്റെ പ്രതീക്ഷയാണ് ക്രിസ്മസ് ഈ ലോകത്തിന് നൽകുന്നത്. എല്ലാവർക്കും ക്രിസ്മസ് ആശംസകൾ...







# FINDING THE MEANING OF CHRISTMAS



Fr. Mathukutty CFIC

The dark skies are enchanting, the clear air smelled wonderful, the leaves on the trees seemed freshly washed and the water drops on them looked like they were just about to fall but hung there, shining like little Christmas lights, making the trees look like Christmas trees….. Yes, dear friends, December is awakening and once again the Christmas is at hand…

The celebration begins ostentatiously. People flocks to the bazaars, busy buying gifts, sweets, stars, garments and other decoration items, prepare a beautiful Christmas crib that would appeal to anyone by its stunning display and finally sit down for a sumptuous meal…. with that the Christmas celebration comes to an end. We always have a tendency to keep divinity as a side dish for survival, but we need to understand that divinity is the main dish which will nourish us in the right way to live life in right ways. More than a celebration, Christmas must become an experience, thus it becomes a part of our life. For, the birth of Jesus was a remedy for all the injustice done to the poor and destitute, abandoned and marginalized of the society. He touched and healed everyone, irrespective of cast and creed, saints and sinners, rich and poor, good and bad and promised salvation for the entire human race.

Manger is the life of those people who are seeking for a space on this earth. The birth of Christ is a reminder of those million refugees who were forced to abandon their lives-earnings and flee from their homeland, seeking for a space for their existence. The police officers are handfed by the politicians and the politicians are handfed by the rich people; that is our administrative body today. Our democracy is created for people who can purchase it. Millions of people are exploited and marginalized and have been constantly living under the fear. Who will make those law makers aware of their hostile administration and that; there is nothing more despicable than people exploiting the misery of others?

We are all born with a divine fire in us. We cannot hold that divine fire within us and remain cool for a long time. Our efforts should be, to give wings to this fire and fill the world with the glow of its goodness. Our mind, body and soul require the highest sense of equilibrium and also the highest tolerance level. We must oppose the evil with bare hands, but with determined spirit. We must express our displeasure through non-cooperation. We must not allow evil to happen under our nose, at least make an effort to sneeze loudly. Let the doves fly in our skies carrying the branch of olive amidst the noise of terror. Let there be rays of light amidst the dark clouds of war.

As we wait for the birth of our Lord and the birth of a New Year 2022, let these events bring peace and joy into our hearts. Whatever God willed is unalterable. We need to deal with problems placidly. Often we have a strong propensity of passing appraisal and complaints towards everything we find. We must acknowledge that, there are thousands of poor children in the city, doing boot polish at railway stations or collecting paper bottles, plastics, plus going to school at night. Compared to this, our issues are often inconsequential. Let us not try to choose convenience over conservations and brush aside the reality. It is high time to turn towards our own conscience. Live in such harmony and be a great source of strength to each other. With a new zeal and with a determined spirit, let us step into the blessings of the new dawn of Christmas and New Year.



## ക്രിസ്മസ് വിചാരം

**സ്നേഹം എന്നാൽ നല്കലാണെന്നും ദൈവം തന്റെ ഏകജാതനെ നല്കാൻ മാത്രം ലോകത്തെ സ്നേഹിച്ചുവെന്നും ക്രിസ്തുമസ് സ്നേഹത്തിന്റെ പെരുന്നാളാണെന്നും അവൾ മനസ്സിലാക്കി. ഏതാനും ദിവസങ്ങൾക്കു ശേഷം ഹെലൻ കെല്ലർ തന്റെ ഡയറിയിൽ അപൂർണ്ണമായ അക്ഷരങ്ങൾകൊണ്ട് ഇങ്ങനെ എഴുതിവച്ചു. സ്നേഹം ജനിച്ച ദിവസമാണ് ക്രിസ്തുമസ്.**



**ഡോൾവിൻ ഡേവിഡ് CFIC**

# സ്നേഹം ജനിച്ച ദിവസം

**വ**ത്തൊൻപത് മാസം മാത്രം പ്രായമുള്ളപ്പോഴാണ് ഹെലൻ കെല്ലർ അന്ധയും ബധിരയും ആയിത്തീരുന്നത്. കാഴ്ചയുടേയും ശബ്ദത്തിന്റെയും ലോകത്തിൽ നിന്നും പുറന്തള്ളപ്പെട്ട അവൾ സ്പർശനത്തിലൂടെയാണ് ബാഹ്യലോകത്തെയും ജീവിതത്തെയും മനസിലാക്കിയിരുന്നത്. കൈവെള്ളയിൽ അക്ഷരങ്ങളെഴുതി സ്പർശന ഭാഷയിലൂടെ ആശയവിനിമയം നടത്താനും അവൾ പഠിച്ചു. ഒരിക്കൽ ഹെലൻ തന്റെ ടീച്ചറിന്റെ കൈവെള്ളയിൽ എഴുതികൊണ്ടു ചോദിച്ചു.


ടീച്ചർ, സ്നേഹം എന്നു പറഞ്ഞാലെന്താ?

ടീച്ചറാകെ വിഷമിച്ചു. കേൾക്കാനോ കാണാനോ കഴിവില്ലാത്ത ഈ കുട്ടിയ്ക്ക് സ്നേഹമെന്താണെന്ന് എങ്ങനെ വിശദീകരിക്കും? നാളുകൾ കഴിഞ്ഞു. ആ വർഷത്തെ ക്രിസ്തുമസ് ആഗതമായി. ക്രിസ്തുമസിനെക്കുറിച്ചും ക്രിസ്തുമസ് ദിനത്തിൽ സാന്താക്ലോസ് കുട്ടികൾക്ക് സമ്മാനം നല്കുന്നതിനെക്കുറിച്ചും ടീച്ചർ സ്പർശന ഭാഷയിലൂടെ ഹെലനെ പഠിപ്പിച്ചു. ഹെലനെയും സാന്താക്ലോസിന്റെ സമ്മാനം വാങ്ങാൻ ഇരുത്തി. സാന്താക്ലോസ് ഹെലന് കൊടുത്തത് രണ്ട് വലിയ സമ്മാന പ്പൊതികളാണ്. പായ്ക്കറ്റഴിച്ച് തന്റെ സമ്മാനം ആസ്വദിച്ചതിനു ശേഷം അടുത്തിരുന്ന കൂട്ടുകാരിയുടെ സമ്മാനവും അവൾ സ്പർശിച്ചാസ്വാദിച്ചു. അപ്പോളവൾക്ക് മനസിലായി, കൂട്ടുകാരിയ്ക്ക് കിട്ടിയത് ഒരു ചെറിയ സമ്മാനമാണ്. അതിനാൽ അവൾ കരഞ്ഞുകൊണ്ടിരിക്കുന്നത്. അതിൽ സങ്കടം തോന്നിയ ഹെലൻ തനിക്കു കിട്ടിയ സമ്മാനങ്ങളിലൊന്ന് കൂട്ടുകാരിക്ക് കൊടുത്തു. കൂട്ടുകാരിയുടെ കരച്ചിൽ പോയി. അവൾ സന്തോഷവതിയായി.

ഇതുകണ്ടുകൊണ്ടിരുന്ന ടീച്ചർ ഉടനെ ഹെലന്റെ കൈയ്യിൽ ഇങ്ങനെയെഴുതി. ഇതാണ് **സ്നേഹം**. സ്നേഹം എന്നാൽ നല്കലാണെന്നും ദൈവം തന്റെ ഏകജാതനെ നല്കാൻ മാത്രം ലോകത്തെ സ്നേഹിച്ചുവെന്നും ക്രിസ്തുമസ് സ്നേഹത്തിന്റെ പെരുന്നാളാണെന്നും അവൾ മനസ്സിലാക്കി. ഏതാനും ദിവസങ്ങൾക്കു ശേഷം ഹെലൻ കെല്ലർ തന്റെ ഡയറിയിൽ അപൂർണ്ണമായ അക്ഷരങ്ങൾകൊണ്ട് ഇങ്ങനെ എഴുതിവച്ചു. **സ്നേഹം ജനിച്ച ദിവസമാണ് ക്രിസ്തുമസ്**.

സ്നേഹം എന്ന അനുഭവം മാനുഷികമല്ല, ദൈവികമാണെന്ന് ലോകത്തെ വീണ്ടും ഓർമിപ്പിക്കാൻ ക്രിസ്തുമസ് ആഗതമാവുകയാണ്. യഥാർഥ സ്നേഹമെന്നത്, സ്നേഹിതർക്കായി ജീവൻ ത്യജിക്കലാണെന്ന സത്യം മനുഷ്യനെ പഠിപ്പിക്കാൻ സ്വജീവിതം തന്നെ പാഠപുസ്തകമാക്കിയ ദൈവപുത്രന്റെ തിരുപ്പിറവിക്കായി പ്രപഞ്ചം ഒന്നാകെ ഒരുങ്ങുകയാണ്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ എന്നതാണു ക്രിസ്താനുഭവത്തിന്റെ സൗന്ദര്യദർശനം. സ്നേഹത്തിന്റ ഭാഷയ്ക്കു ലിപികളില്ലെന്നും മനുഷ്യനെ അനുഭവിപ്പിക്കുകയാണു യേശുക്രിസ്തു. നീ നിന്നെ സ്നേഹിക്കുന്നതുപോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന വിശുദ്ധ ഭാഷണത്തിലൂടെ, മാനവികതയുടെ നിലനില്പിന്റെ ഭക്ഷണമായി, പരസ്നേഹം എന്ന പുണ്യത്തെ, ക്രിസ്തു മനുഷ്യമനസിലേക്കു വിവർത്തനം ചെയ്തു.

എന്റെ വീടന്റെ മുന്നിലെ നക്ഷത്രം, അയൽക്കാരന്റെ കണ്ണിലെ പ്രാത്യാശയുടെ വിളക്കായി മാറുമ്പോൾ, ക്രിസ്തു പിറക്കുന്ന ഇടമായി മാറും നിന്റെ ജീവിതം. നിന്റെ പുൽക്കൂട്ടിലെ ഉണ്ണിയും മേരിയും ജോസഫും നിന്റെ ഭവനത്തിലെ അതിഥികളുടെ മുഖഭാഷയേറ്റു വാങ്ങുമ്പോൾ, ക്രിസ്തുമസിന്റെ ഭാഷ നിന്റെ വീട്ടുഭാഷയാകും. അതാണ് സ്നേഹത്തിന്റെ ഭാഷ...



ഉപവിയുടെ
രാജശില്പി
രചന: ആസാദ്
ചിത്രീകരണം: അഖിൽ ജോസഫ്
ഇറ്റലിയിലെ ബോവീസിയോ എന്ന ഗ്രാമം
മോളേ തെരേസേ.. നിനക്കിതെത്രാമത്തെ മാസമാണിത്?
നിന്റെ ജീവിതം ദൈവം മക്കളാൽ സമ്പന്നമാക്കിയല്ലോ. നിന്നെകാണുമ്പോൾ എനിക്ക് വളരെ സന്തോഷം തോന്നുന്നു.
9-ാം മാസം ആകാറായി ചേച്ചി
പാസ്..
പാസ്..
ഈ കുഞ്ഞെന്റെ ഉദരത്തിലുടലെടുത്തതു മുതൽ എനിക്കെന്തന്നില്ലാത്ത ഒരു ദൈവീകാനന്ദം തോന്നുന്നു. എനിക്കു തോന്നുന്നത് ജനിക്കാൻ പോകുന്നത് വിശുദ്ധനായ കുഞ്ഞായിരിക്കുമെന്നാണ്.
എനിക്കും നിന്നിലെ ഈ ദൈവീക പ്രസരിപ്പ് കാണാൻ കഴിയുന്നു. നമ്മുക്കു ദൈവഹിതം നിറവേറാനായി പ്രാർത്ഥിക്കാം...
ഈശോപ്പാ... കുഞ്ഞുവാവയ്ക്കൊരാപത്തും വരാതെ വേഗം വരാൻ അനുഗ്രഹിക്കണമേ...
ദൈവത്തിനു നന്ദി...

കാറ്റും മഴയും മഞ്ഞും നിലാവും ഒരേ മനസോടെ ആഘോഷിച്ച ഒരായിരം മനസുകൾ ഒരേ സ്വരത്തിൽ പറയുന്നു ഭൂമിയിൽ ഒരു സ്വർഗമുണ്ടെങ്കിൽ അതിവിടെയാണ്

25th Silver Jubile

Education for integrity...

# St. Mary's College, Puthanangadi

Puthanangadi PO, Angadippuram Via, Malappuram Dist
Kerala – 679321 (Run by CFIC Fathers)



Email: info@stmaryscollege.info Phone: 04933 – 258 704, 9946929596 https: stmaryscollege.info

Printed and Published by Fr. Merson Antony CFIC, Design: Greeshma Designs, Kottayam, Tel: 9447304348.